
# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

JUNE 2025 | Vol - 5 ● Issue - 6 ● 16 Page Tabloid | www.syromalabarvision.com


# ഹബേമൂസ് പാപ്പാം!




# ദൈവം കരുതിവച്ച നല്ല വീഞ്ഞ്

**റവ. ഡോ. ടോം ഓലിക്കരോട്ട്**

2025 മെയ് എട്ടാം തീയതി ചരിത്രപ്രസിദ്ധമായ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ ബാൽക്കണിയിൽ സാർവത്രിക സഭയിലെ 267-ാമത് പാപ്പയായി കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് എന്ന പേര് മുഴങ്ങിയപ്പോൾ ലോകം ഒരു നിമിഷം ആശ്ചര്യപ്പെട്ടിരിക്കണം. കാരണം നീണ്ട നാളുകളിലെ മാധ്യമ വിശാരദന്മാരുടെ ഇഴകീറിയുള്ള പരിശോധനകളിലോ, സാധ്യത പട്ടികയിലോ ഇടം പിടിക്കാത്തൊരാൾ അതും റോമൻ ഡിക്കസ്റ്ററികളിൽ സുപ്രധാനമായ മെത്രാന്മാർക്കു വേണ്ടിയുള്ള ഡിക്കസ്റ്ററിയുടെ ചുമതലക്കാരനായിരുന്നിട്ടും ശ്രദ്ധിക്കപ്പെടാതെ പോയൊരാളുടെ പേരായിരുന്നു അത്. ലോകമെങ്ങനെ ഇദ്ദേഹത്തെ കാണാതെ പോയി എന്നത് ആശ്ചര്യകരമാണ്. ചില നേരങ്ങളിൽ ദൈവം അങ്ങനെയാണ്. അമൂല്യമായതിനെ സവിശേഷമായൊരു വാത്സല്യത്തോടെ അവിടുന്ന് മറച്ചു പിടിക്കാറുണ്ട്. ദൈവികശുശ്രൂഷകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ എപ്പോഴും ദൈവത്തിന്റെ അപാരമായ സ്വാതന്ത്ര്യത്തിന്റെ പ്രകാശനമാണ് എന്നതാണ് വാസ്തവം. "കാറ്റ് അതിനു ഇഷ്ടമുള്ളിടത്തേക്കു വീശുന്നു, അതിന്റെ ശബ്ദം മാത്രം നീ കേൾക്കുന്നു" എന്ന വേദപുസ്തക വാക്യം തരുന്ന സൂചനയും ഇതുതന്നെയാണ്. മുഖത്തു ലാളിത്യമുള്ള പുഞ്ചിരിയും ആത്മവിശ്വാസവും ദൈവത്തിലും മനുഷ്യരിലുമുള്ള വിശ്വാസവും നിഴലിക്കുന്ന മുഖഭാവവുമായി വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ മട്ടുപ്പാവിൽ നടത്തിയ ആദ്യ പ്രത്യക്ഷപ്പെടലിൽതന്നെ ലിയോ പതിനാലാമൻ പാപ്പയുടെ പൊന്തിഫിക്കേറ്റിന്റെ സുപ്രധാനമായ മൂന്ന് നയങ്ങൾ വായിച്ചെടുക്കാനാകും.

ഒരു പേരിൽ എന്തിരിക്കുന്നു എന്ന് ചോദിച്ചത് സാക്ഷാൽ ഷേക്സ്പിയറാണല്ലോ. എന്നാൽ പേരിലാണ് കാര്യം; സിംഹം എന്ന് അർഥം വരുന്ന ലെയോൺ എന്ന ഗ്രീക്ക് പേരിൽ നിന്നാണ് ലെയോ എന്ന ലാറ്റിൻ പേരിന്റെ പിറവി. യുദ്ധവെറിപൂണ്ട് റോമിനെ ആക്രമിച്ചു നശിപ്പിക്കാനെത്തിയ കൊടും


**ശേഷം പേജ് 6-ൽ**

## എഡിറ്റോറിയൽ

# ആഗോളസഭയ്ക്ക് ഒരു പുതിയ പ്രഭാതം ലെയോ പതിനാലാമൻ പാപ്പ

2025 മെയ് 8 എന്ന ചരിത്രദിനത്തിൽ സിസ്റ്റെയിൻ ചാപ്പലിനുമുകളിലെ പുകക്കുഴലിൽനിന്നു വെളുത്ത പുക ഉയർന്നുപൊങ്ങിയപ്പോൾ ലോകമെമ്പാടും പുതിയ പ്രതീക്ഷകൾ നല്കിക്കൊണ്ടു വി. പത്രോസിന്റെ ബസിലിക്കയുടെ മണികൾ മുഴങ്ങി. പരിശുദ്ധ കത്തോലിക്കാസഭ അവളുടെ മാതൃജ്ഞാനത്തിലും പരിശുദ്ധാത്മാവിന്റെ വഴിനടത്തലിലും പത്രോസിന്റെ താക്കോലുകൾ ലെയോ പതിനാലാമൻ പാപ്പയെ ഭരമേല്പിച്ചു. ലെയോ എന്ന പേരു ധീരരായ പരിഷ്കർത്താക്കളുടെയും സഭയുടെ വിശ്വാസസംരക്ഷകരുടെയും ഒരു പരമ്പരയെ ചലനാത്മകമാക്കുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാനായ വിശുദ്ധ ലെയോ ഒന്നാമൻ മിശിഹാരഹസ്യവുമായി ബന്ധപ്പെട്ട വിവാദങ്ങളിൽനിന്നു സഭയെ സംരക്ഷിച്ചപ്പോൾ, ലെയോ പതിമൂന്നാമൻ പാപ്പ ആധുനികലോകത്തിൽ വിശ്വാസത്തെ യുക്തിയുമായി അനുരഞ്ജിപ്പിക്കാൻ നിലകൊണ്ടു. ലെയോ എന്ന പേരു സ്വീകരിച്ചതിലൂടെ സങ്കീർണമായ ആധുനികകാലത്തു സഭയെ നയിക്കാൻ ആവശ്യമായ നിശ്ചയദാർഢ്യവും ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള തുറവിയും ലെയോ പതിനാലാമൻ മാർപാപ്പ ഇതിനോടകം പ്രകടിപ്പിച്ചുകഴിഞ്ഞു.

2025 മെയ് 14 നു പൗരസ്ത്യസഭകൾക്കായുള്ള ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തവരെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിൽ പൗരസ്ത്യസഭകളെ ഹൃദയത്തിൽ ഉൾക്കൊള്ളുന്ന അജപാലനസമീപനം പരിശുദ്ധ പിതാവ് വ്യക്തമാക്കി. പൗരസ്ത്യസഭകൾ അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബദ്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്ന നിലപാടാണ് മാർപാപ്പ സ്വീകരിച്ചത്. പൗരസ്ത്യസഭകളുടെ ലത്തീനികരണത്തിൽ ആശങ്കകൾ പ്രകടിപ്പിച്ച പരിശുദ്ധ പിതാവ് ഓരോ പൗരസ്ത്യവ്യക്തിസഭയും അതിന്റെ പാരമ്പര്യങ്ങളും മഹത്വവും വീണ്ടെടുക്കുന്നതിനുള്ള പരിശ്രമം നടത്തേണ്ടതിന്റെ ആവശ്യകതയും എടുത്തുപറഞ്ഞു.

പൗരസ്ത്യസഭയിലെ അംഗങ്ങളോടു മാർപാപ്പ നടത്തിയ ആഹ്വാനം ശ്രദ്ധിക്കേണ്ടതാണ്. 'വിശ്വാസത്തിലും പ്രതീക്ഷയിലും സ്നേഹത്തിലും മികവുപുലർത്തുന്നവരായി തുടരുക. നിങ്ങളുടെ സഭകൾ മാതൃകകളാകട്ടെ'; നിങ്ങളുടെ ഇടയന്മാർ ആധികാരികതയോടെ കൂട്ടായ്മ വളർത്തണം; പ്രത്യേകമായി മെത്രാന്മാരുടെ സിനഡു സാഹോദര്യത്തിന്റെയും യഥാർഥത്തിലുള്ള കൂട്ടുത്തരവാദിത്വത്തിന്റെയും ഇടമായി മാറണം. ലോകത്തിന്റെ അധികാരപ്രവണതയും സ്വയം എടുത്തുകാണിക്കാനുള്ള പ്രലോഭനവും ആദരിക്കപ്പെടുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളും ഉപേക്ഷിച്ചു ഭൗതികഭരണകാര്യങ്ങളിൽ സുതാര്യത പുലർത്തി, ദൈവജനത്തിന്റെ ശുശ്രൂഷയ്ക്കുവേണ്ടിയുള്ള എളിമയോടെയുള്ള പൂർണസമർപ്പണത്തിന്റെ അടയാളങ്ങളായി മാറണം. ഇന്ന് എന്നത്തേക്കാളുമധികമായി, ആധികാരികമായ സുവിശേഷസാക്ഷ്യംനല്കാൻ എല്ലാ ലൗകിക ഇഴയടുപ്പങ്ങളിൽനിന്നും കൂട്ടായ്മയ്ക്കെതിരേ നീങ്ങാനുള്ള എല്ലാ പ്രവണതകളിൽനിന്നും ക്രൈസ്തവ കിഴക്കിന്റെ ശോഭ സ്വാതന്ത്ര്യംപ്രാപിക്കണം'

നമ്മുടെ പൗരസ്ത്യപാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട് ആഗോളസഭയുമായി ബന്ധപ്പെട്ടുനില്ക്കാനുള്ള ഒരു അവസരമാണ് ഈ മാർപാപ്പയുടെ ശുശ്രൂഷാരംഭത്തിൽ മാർത്തോമയുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. ആരാധനക്രമവും സഭാശാസ്ത്രപരവുമായ യാത്രകൾ നമ്മുടെ സഭയിൽ തുടരുമ്പോൾ ആരാധനക്രമത്തിന്റെ ആധികാരികതയും സഭാപരമായ സ്വാതന്ത്ര്യവും അജപാലനപരമായ അനുധാവനവും അംഗീകരിക്കുന്ന ലെയോ മാർപാപ്പയുടെ നിലപാടു പ്രതീക്ഷാനിർഭരമാണ്.

പരിശുദ്ധ കത്തോലിക്കാസഭയെ ഐക്യത്തിലും വിശുദ്ധിയിലും നയിക്കുന്നതിനുവേണ്ടി ആവശ്യമായ ജ്ഞാനവും ധീരതയും സന്തോഷവും പരിശുദ്ധപിതാവിനു നല്കണമേയെന്നു നമുക്കു തീക്ഷ്ണമായി പ്രാർഥിക്കാം. ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യംനല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാനുള്ള നമ്മുടെ ദൗത്യത്തെ പ്രതിബദ്ധതയോടെ എറ്റെടുക്കാം. ഈശോയുടെ പ്രശോഭിതമുഖത്തെ ജനതകൾക്കു വെളിച്ചമായി ആഗോളസഭ ലോകത്തിൽ പ്രതിഫലിപ്പിക്കുന്നതിനുവേണ്ടി പരിശുദ്ധ പിതാവിനെ സമൃദ്ധമായി അനുഗ്രഹിക്കണമേയെന്നു നമുക്കു പ്രാർഥിക്കാം. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI
**ഡിസൈൻ & പ്രിന്റ്**: ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്**: ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

# ഓർമിക്കാനൊരു ദിനം


**ജൂൺ 1:** മാർ ഗ്രേഷ്യൻ മുണ്ടാടന്റെ നാമഹേതുകദിനം
**ജൂൺ 2:** ധന്യൻ മാർ തോമാ കുര്യാളശ്ശേരിയുടെ ചരമം (1925)
**ജൂൺ 8:** വിശുദ്ധ മറിയം ത്രേസ്യ
പന്തക്കുസ്താത്തിരുനാൾ
ഇന്നുമുതൽ ത്രികാലജപം കർത്താവിന്റെ മാലാഖ ചൊല്ലുന്നു
**ജൂൺ 9:** മാർ അപ്രേം
**ജൂൺ 11:** മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിയുടെ ചരമം (1994)
വിശുദ്ധ ബർണബാസ് ശ്ലീഹാ
**ജൂൺ 13:** സ്വർണ്ണവെള്ളി
പാദുവായിലെ വിശുദ്ധ അന്തോനീസ്
**ജൂൺ 14:** മാർ കുര്യാക്കോസ് കുന്നശ്ശേരി മെത്രാപ്പോലീത്തായുടെ ചരമം (2017)
**ജൂൺ 15:** പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ
**ജൂൺ 18:** മാർ ജോൺ പെരുമറ്റം മെത്രാന്റെ ചരമം (2011)
മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ അഭിഷേകം (2020)
**ജൂൺ 19:** പരിശുദ്ധ കുർബാനയുടെ തിരുനാൾ
**ജൂൺ 22:** വിശുദ്ധ ജോൺ ഫിഷർ, വിശുദ്ധ തോമസ് മൂർ
**ജൂൺ 24:** വിശുദ്ധ യോഹന്നാൻ മാംദാനയുടെ ജനനം
**ജൂൺ 27:** ഈശോയുടെ തിരുഹൃദയത്തിരുനാൾ
**ജൂൺ 28:** മാതാവിന്റെ വിമലഹൃദയത്തിരുനാൾ
വിശുദ്ധ ഇരണേവൂസ്
**ജൂൺ 29:** വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് ശ്ലീഹന്മാർ

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**ജൂൺ 9**


മാർ എഫ്രേം നരികുളം

**ജൂൺ 13**


ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ


മാർ ആന്റണി ചിറയത്ത്


മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ


മാർ ടോണി നീലങ്കാവിൽ

**ജൂൺ 29**


മാർ പോളി കണ്ണൂക്കാടൻ



മാർ പോൾ ആലപ്പാട്ട്


മാർ പീറ്റർ കൊച്ചുപുരയ്ക്കൽ

# ലിയോണിലെ വി. ഇരണേവൂസ്

വഴികാട്ടികൾ

റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം



രണ്ടാംനൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഏഷ്യാമൈനറിൽ ജനിച്ച ഇരണേവൂസ് ഗോളിലെ (Gaul) ലിയോണിന്റെ (Lyon) മെത്രാനായിരിക്കെ എഡി 200 നും 203 നും ഇടയിൽ ദിവംഗതനായി. കൊമ്മോദൂസ് ചക്രവർത്തിയുടെ ഭരണകാലത്താണ് (177–192) ഇരണേവൂസ് ലിയോണിൽ ഉണ്ടായിരുന്നത് എന്ന് വി. ജറോം സാക്ഷ്യപ്പെടുത്തുന്നു (De Viris Illustribus 35). വി. യോഹന്നാൻ ശ്ലീഹായുടെ ശിഷ്യനായിരുന്ന സ്മിർണ്ണായിലെ വി.പോളികാർപ്പിനെ ബാല്യത്തിൽ താൻ നേരിട്ടു ശ്രവിച്ചിട്ടുണ്ടെന്ന് ഇരണേവൂസ് തന്നെ സാക്ഷ്യം നല്കുന്നുണ്ട്.' ആ കാലത്തെ സംഭവങ്ങൾ സമീപവർഷങ്ങളിലേതിനെ അപേക്ഷിച്ച് എനിക്ക് കൂടുതൽ വ്യക്തമായി ഓർമയുണ്ട്... പോളികാർപ്പ് പ്രാർഥിക്കുമ്പോൾ ഇരുന്നിരുന്ന സ്ഥലം... അദ്ദേഹത്തിന്റെ ജീവിതരീതി, ശാരീരികരൂപം, പ്രസംഗങ്ങൾ, യോഹന്നാൻ ശ്ലീഹായുമായും കർത്താവിനെ കണ്ട മറ്റുള്ളവരുമായും ഉള്ള ആശയവിനിമയത്തെക്കുറിച്ചു അദ്ദേഹം നല്കിയ വിവരണങ്ങൾ എന്നിവയെല്ലാം എനിക്ക് വിവരിക്കാൻ കഴിയും' (എവുസേബിയൂസ്, തിരുസഭാചരിത്രം V, 20, 6). ലിയോണിലെ മെത്രാനായിരുന്ന പോത്തിനൂസ് തന്റെ തൊണ്ണൂറാം വയസിൽ രക്തസാക്ഷിയായപ്പോഴാണ് ഇരണേവൂസ് ആ സ്ഥാനം ഏറ്റെടുത്തത് (തിരുസഭാചരിത്രം V, 5,8).

മറ്റു പല ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായുണ്ടെങ്കിലും വലന്തീനൂസിന്റെ ജ്ഞാനവാദത്തിനെതിരെ അഞ്ചു പുസ്തകങ്ങളായി രചിച്ച *പാഷണ്ഡതകൾക്കെതിരെ* (Adversus Haereses) ആണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഗ്രന്ഥം. റോമൻസഭയിലെ സമാധാനം തകർക്കുന്ന പാഷണ്ഡതകൾക്കെതിരായും അദ്ദേഹം എഴുതിയിട്ടുണ്ട്. പാഷണ്ഡിയായ ഫ്ളോറിനൂസിനുള്ള കത്ത് ഇതിന് ഉദാഹരണമാണ്.

ഇരണേവൂസ് (എയ്റേനെ-സമാധാനം) എന്ന പേര് അർഥമാക്കുന്നതുപോലെ അദ്ദേഹം സമാധാനസ്ഥാപകനായിരുന്നു. റോമൻ സഭാതലവനായ വിക്ടർ ഈസ്റ്റർ ഞായറാഴ്ച ആഘോഷിക്കാത്ത പൗരസ്ത്യസഭകളുമായുള്ള ബന്ധം വിച്ഛേദിക്കാൻ തീരുമാനിച്ചപ്പോൾ ഇക്കാര്യങ്ങളെ സമാധാനത്തോടും സ്നേഹത്തോടുംകൂടി കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടവരിൽ പ്രധാനി ഗോളിലെ മെത്രാൻസമിതിയുടെ തലവനായിരുന്ന ഇരണേവൂസ് ആയിരുന്നു (തിരുസഭാചരിത്രം V, 24,1-11). 2022 ജനുവരി 21-ാം തീയതി അദ്ദേഹത്തെ വേദപാരംഗതനായി (Doctor of the Church) പ്രഖ്യാപിച്ചപ്പോൾ ഫ്രാൻസിസ് മാർപാപ്പ' ഐക്യത്തിന്റെ പിതാവ്' (Doctor of Unity) എന്ന പദവികൂടി നല്കി അദ്ദേഹത്തിന്റെ ജീവിതസാക്ഷ്യത്തെ അംഗീകരിച്ചു. ■

# ലെയോ പതിനാലാമൻ: കിഴക്കിന്റെ മഹത്വം തിരിച്ചറിഞ്ഞ പാപ്പ

**'ലോകത്തിനു നിങ്ങളെ ആവശ്യമുണ്ട്, ദൈവത്തിന്റെ മുൻപിൽ നിങ്ങൾ വിലയുള്ളവരാണ്, നിങ്ങളുടെ ആരാധനക്രമഭാഷ അമൂല്യമാണ്, നിങ്ങളുടെ പൗരാണികമായ ആധ്യാത്മികതകൊണ്ട് സാർവത്രികസഭയുടെ ആധ്യാത്മികതയെ നിങ്ങൾക്ക് സമ്പന്നമാക്കാൻ കഴിയും'. കിഴക്കിന്റെ മഹത്വം തിരിച്ചറിഞ്ഞ വി. പത്രോസിന്റെ പിൻഗാമിയുടെ വാക്കുകളാണ് ഇത്.**

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

**മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



2025 മെയ് എട്ടാം തീയതി ലെയോ പതിനാലാം പാപ്പ വി. പത്രോസ് ശ്ലീഹായുടെ 267-മത് പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട വിവരം വലിയ സന്തോഷത്തോടെയാണ് കേൾക്കാൻ ഇടയായത്. ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പയുടെ സംസ്കാരച്ചടങ്ങുകൾക്കും പൗരസ്ത്യസഭകളുടെ നേതൃത്വത്തിലുള്ള ജൂബിലി ആഘോഷത്തിനുമായി റോമിലെത്തിയ എനിക്ക് ലെയോ പതിനാലാമൻ പാപ്പയുടെ സ്ഥാനാരോഹണത്തിൽ പങ്കെടുക്കാനും പരിശുദ്ധ പിതാവിന്റെ പൊന്തിഫിക്കറ്റിന്റെ ആദ്യനാളുകളിൽ അദ്ദേഹത്തെ അടുത്തുനിന്നു കാണാനും കേൾക്കാനും കഴിഞ്ഞതും ദൈവാനുഗ്രഹമായി കണക്കാക്കുന്നു. പരിശുദ്ധ പിതാവുമായി വ്യക്തിപരമായി സംസാരിക്കാൻ കഴിഞ്ഞതിന്റെ വെളിച്ചത്തിൽ ഞാൻ മനസിലാക്കിയ ലെയോ പതിനാലാമൻ പാപ്പയെക്കുറിച്ചുള്ള ചില ചിന്തകൾ പങ്കുവയ്ക്കട്ടെ.

കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ലെയോ പതിനാലാമൻ എന്ന പേരു സ്വീകരിച്ചതു ലോകത്തിനുതന്നെ അത്ഭുതത്തിന്റെ വിഷയമായിരുന്നു എന്നതാണ് സത്യം, കാരണം ലോകത്തിനറിയേണ്ടിയിരുന്നത്, ലെയോ പതിമൂന്നാമൻ മാർപാപ്പയെപ്പോലെതന്നെ ലെയോ പതിനാലാമനും സാമൂഹിക വിഷയങ്ങളോടും യാഥാർഥ്യങ്ങളോടും തുറവികാട്ടുമോ എന്നതായിരുന്നു. എന്നാൽ അർഥശങ്കയ്ക്കിടയില്ലാത്തവിധം ലെയോ പതിനാലാമൻ പാപ്പ വ്യക്തമാക്കി, തന്റെ ശൈലി ലെയോ പതിമൂന്നാമന്റെ സാമൂഹിക സംവേദനക്ഷമതയുടെ തുടർച്ചയായിരിക്കും എന്ന്. റേരും നൊവാരും എന്ന വിഖ്യാതമായ ചാക്രികലേഖനം അഭിസംബോധനചെയ്ത വിഷയങ്ങളുടെ സമകാലികരൂപങ്ങളെ പ്രത്യേകിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പടെയുള്ള സാങ്കേതികവിദ്യകളുടെ വിപ്ലവകരമായ വളർച്ചയിൽ നഷ്ടപ്പെട്ടുപോകാവുന്ന മനുഷ്യാന്തസിനുവേണ്ടിയും മാനുഷിക അവകാശങ്ങൾക്കുവേണ്ടിയും താനും നിലകൊള്ളുമെന്നായിരുന്നു അത്. ഒന്നാം ലോകരാജ്യത്തു ജനിക്കുകയും മൂന്നാം ലോകരാജ്യത്തെ മനുഷ്യരുടെകൂടെ ജീവിക്കാൻ വളരെ ബോധപൂർവകം തീരുമാനിക്കുകയും ചെയ്ത തീക്ഷ്ണമതിയായ പ്രേഷിതനായാണ് ഞാൻ ലെയോ പാപ്പായെ മനസിലാക്കുന്നത്. പരിശുദ്ധ പിതാവിന്റെ ആദ്യ പ്രസംഗം മുതൽ സഭയിൽ നവീകരിക്കപ്പെടേണ്ട പ്രേഷിത ആഭിമുഖ്യത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് നീണ്ടവർഷങ്ങൾ മിഷൻപ്രദേശങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എനിക്ക് വലിയ സന്തോഷത്തിനു കാരണമായി. 'The world needs the light of Christ' എന്ന് പാപ്പ പറയുന്നത് ലോകമെങ്ങുമുള്ള പ്രേഷിതരെ ചെറുതായൊന്നുമല്ല ആവേശഭരിതരാക്കുന്നത്. ട്രുജിലോ എന്ന പെറുവിയൻ പട്ടണത്തിന്റെ ചേരിസമാനമായ പ്രാന്തപ്രദേശങ്ങളിൽ ദരിദ്രരായ മനുഷ്യരോടൊത്തു രണ്ടു പതിറ്റാണ്ടിലധികം ജീവിക്കുകയും സുവിശേഷത്തിനു സാക്ഷ്യം നല്കുകയും ചെയ്ത ലെയോ പതിനാലാമൻ പാപ്പയുടെ തിരഞ്ഞെടുപ്പ് 21-ാം നൂറ്റാണ്ടിലെ സഭയുടെ പ്രേഷിതാഭിമുഖ്യങ്ങളെ നവീകരിക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. സീറോമലബാർ സഭ ലോകത്തെ ഏറ്റവും പ്രേഷിത തീക്ഷ്ണതയുള്ള സഭകളിലൊന്നാണ്. നമ്മുടെ മക്കളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിതരായി സേവനംചെയ്യുന്നത്. ഇനിയും നമുക്ക് സുവിശേഷമറിയിക്കാൻ ഒരുപാടു മേഖലകൾ തുറന്നുലഭിക്കാനുണ്ട്. ലെയോ പാപ്പയുടെ കാലത്തു നമ്മുടെ സഭയുടെ പ്രേഷിതപ്രവർത്തങ്ങൾക്ക് പുതിയ സാധ്യതകൾ ലഭിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

*Orientalum Dignitas* പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെയും ആരാധനാക്രമത്തിന്റെയും ആധ്യാത്മികതയുടെയും പൗരാണികതയും മഹത്വവും ലോകത്തിനുമുമ്പിൽ അവതരിപ്പിച്ച ലെയോ പതിമൂന്നാമൻ പാപ്പയുടേതിന് തുല്യമായി തന്റെ പൊന്തിഫിക്കേറ്റിന്റെ തുടക്കത്തിൽത്തന്നെ ലെയോ പതിനാലാമൻ പാപ്പയും പൗരസ്ത്യസഭകളുടെ ആത്മീയ സമ്പത്തിനെ അംഗീകരിക്കുന്നതാണ് നാം കണ്ടത്. 'ലോകത്തിനു നിങ്ങളെ ആവശ്യമുണ്ട്, ദൈവത്തിന്റെ മുൻപിൽ നിങ്ങൾ വിലയുള്ളവരാണ്, നിങ്ങളുടെ ആരാധനക്രമഭാഷ അമൂല്യമാണ്, നിങ്ങളുടെ പൗരാണികമായ ആധ്യാത്മികതകൊണ്ട് സാർവത്രിക സഭയുടെ ആധ്യാത്മികതയെ നിങ്ങൾക്ക് സമ്പന്നമാക്കാൻ കഴിയും'. കിഴക്കിന്റെ മഹത്വം തിരിച്ചറിഞ്ഞ വി. പത്രോസിന്റെ പിൻഗാമിയുടെ വാക്കുകളാണ് ഇത്.

തീർച്ചയായും ലെയോ പതിനാലാമൻ മാർപാപ്പയുടെ കാലത്തു പൗരസ്ത്യ ദൈവശാസ്ത്രവും ആരാധനക്രമവുമെല്ലാം പരിപോഷിപ്പിക്കപ്പെടാനും സംരക്ഷിക്കപ്പെടാനുമുള്ള ശ്രമങ്ങളുണ്ടാകും എന്നത് നമുക്ക് പ്രത്യാശ തരുന്നതാണ്. പ്രത്യേകിച്ച് സീറോമലബാർസഭ ആഗോളസഭയായി മാറിയതിനാലും ലോകത്തിന്റെ പലഭാഗത്തും ലത്തീൻ റീത്തിൽപെട്ട രൂപതകളുടെയും മെത്രാന്മാരുടെയും സഹായം നമ്മുടെ സഭയുടെ വളർച്ചയ്ക്ക് ആവശ്യമാണെന്നതിനാലും ലെയോ മാർപാപ്പ പൗരസ്ത്യസഭകളെ സംരക്ഷിക്കാൻ ശ്രദ്ധിക്കണമെന്ന് പാശ്ചാത്യസഭയോട് പറഞ്ഞത് ആശ്വാസകരമാണ്. ലെയോ പതിനാലാമൻ പാപ്പ ഏറ്റെടുത്തിരിക്കുന്ന വലിയ ഉത്തരവാദിത്വം ദൈവഹിതം അനുസരിച്ചു നിറവേറ്റുവാൻ വേണ്ടി നമ്മുടെയെല്ലാം പ്രാർഥനകൾ അദ്ദേഹത്തിനാവശ്യമുണ്ട്. അതുകൊണ്ട് ഇനിയുള്ള നമ്മുടെ പ്രാർഥനകളിൽ ലെയോ പതിനാലാമൻ പാപ്പയ്ക്കും ഇടമുണ്ടായിരിക്കട്ടെ. ■

കൂരിയബിഷപ്പിന്റെ സന്ദേശം

# ധാർമികമൂല്യങ്ങളിൽ അടിയുറച്ച സിനിമകൾ ഇന്നിന്റെ ആവശ്യം

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

**ആസ്വാദകരെ നന്മയിലേക്ക് നയിക്കുന്നവിധത്തിലുള്ള കഥകളായിരിക്കണം സിനിമകളിലൂടെ ആവിഷ്ക്കരിക്കപ്പെടേണ്ടത്. അതിലുപരി നല്ലരംഗങ്ങൾ ചിത്രീകരിക്കുന്ന, അവതരിപ്പിക്കുന്ന നടീനടന്മാർ തങ്ങളുടെ സ്വകാര്യജീവിതത്തിലും ധാർമികമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നവരായിരിക്കണം.**



എനിക്ക് പതിനഞ്ചു വയസു പ്രായമുള്ള കാലത്ത് ഒരു ദിവസം തമിഴ്നാട് സ്വദേശിനിയായ ഒരു കൈനോട്ടക്കാരി എന്റെ വീട്ടിലെത്തി. പത്താം ക്ലാസ് പരീക്ഷയ്ക്ക് തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്ന ഞാനും പതിമൂന്നുകാരനായ അനിയനും കൂടി അപ്പോൾ മുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാനും അനിയനും കൂടി വളരെ കൗതുകപൂർവ്വം അവരുടെ സംസാരവും ഇടപെടലും നിരീക്ഷിച്ചുകൊണ്ടിരുന്നു. പരീക്ഷാക്കാലമായതിനാൽ വിജയിക്കുമോയെന്നറിയാൻ അവരെക്കൊണ്ട് കൈനോക്കിക്കാനും ഞങ്ങൾ ശ്രമിച്ചു. പക്ഷേ ഇതുകണ്ട ചാച്ചൻ ഞങ്ങളെ ശാസിച്ചു.

ഉടനെ ആ സ്ത്രീ ചാച്ചനോട് കൈനീട്ടാൻ അഭ്യർഥിക്കുകയും ചാച്ചന്റെ ഭാവി പ്രവചിക്കാമെന്ന് പറയുകയും ചെയ്തു. അത് ഇഷ്ടപ്പെടാത്ത ചാച്ചൻ 'നീയോ എന്റെ കൈയോ' എന്ന് വളരെ രൂക്ഷഭാവത്തിൽ പ്രതികരിച്ചു. വിദ്യാർഥികളായിരുന്ന എനിക്കും അനിയനും ചാച്ചന്റെ ഈ പ്രതികരണത്തിൽ ധാർമികതയുടെ സ്വരമാണ് ശ്രവിക്കാൻ സാധിച്ചത്. ഒരു നാടോടിസ്ത്രീ തന്റെ കൈയിൽ സ്പർശിക്കുന്നതുപോലും അചിന്തനീയമായി കരുതിയിരുന്ന ചാച്ചൻ ഞങ്ങളെ പഠിപ്പിച്ചത് ധാർമ്മികതയുടെ പാഠമായിരുന്നു.

ഉല്പത്തിപുസ്തകം 39-ാം അധ്യായത്തിൽ ധാർമികതയുടെ വലിയ സത്യം പഠിപ്പിക്കുന്ന ഒരു പ്രമേയമുണ്ട്. അടിമയായി വില്ക്കപ്പെട്ട പൂർവപിതാവായ ജോസഫ് ഈജിപ്തിലെത്തിയപ്പോൾ ഫറവോയുടെ ഉദ്യോഗസ്ഥനും കാവൽപടയുടെ നായകനുമായ പൊത്തിഫർ അവനെ വിലയ്ക്കുവാങ്ങി. പൊത്തിഫറിന് ജോസഫിനെ വലിയ ഇഷ്ടമായതിനാൽ തന്റെ വീടിന്റെ മേൽനോട്ടവും തനിക്കുള്ള എല്ലാറ്റിന്റെയും ചുമതലയും അവൻ ജോസഫിനെ ഏല്പിച്ചു. വടിവൊത്ത ശരീരമുള്ളവനും സുന്ദരനുമായ ജോസഫിൽ പൊത്തിഫറിന്റെ ഭാര്യക്ക് അഭിലാഷം തോന്നി.

തന്നോടുകൂടെ ശയിക്കാൻ അവൾ പലതവണ ജോസഫിനോട് ആവശ്യപ്പെട്ടുവെങ്കിലും അവൻ വഴങ്ങിയില്ല. ജോസഫ് പറഞ്ഞത് ഇപ്രകാരമായിരുന്നു: ഞാനുള്ളതുകൊണ്ട് വീട്ടിലുള്ള ഒന്നിനെക്കുറിച്ചും യജമാനൻ ശ്രദ്ധിക്കാറില്ല. എല്ലാം അവൻ എന്റെ കൈയിൽ ഏല്പിച്ചിരിക്കുന്നു. എന്നെക്കാൾ വലിയവനായി ആരും ഈ ഭവനത്തിൽ ഇല്ല. എന്നാൽ എന്റെ മേൽനോട്ടത്തിൽ നിന്ന് നിങ്ങളെ മാറ്റിനിർത്തിയിരിക്കുകയാണ്. കാരണം നിങ്ങൾ അവന്റെ ഭാര്യായതുകൊണ്ടാണ്. ഇത്ര നീചമായി പ്രവർത്തിച്ച് ദൈവത്തിനെതിരെ എനിക്ക് പാപം ചെയ്യാൻ സാധിക്കുകയില്ല.

എല്ലാദിവസവും തുടർച്ചയായി അവൾ തന്നോടുകൂടി ശയിക്കാൻ ജോസഫിനോട് ആവശ്യപ്പെട്ടുവെങ്കിലും അവളുടെ സമീപത്ത് ഇരിക്കാൻ പോലും ജോസഫ് തയ്യാറായില്ല. ഇത് ഇഷ്ടപ്പെടാതെ വന്നതുകൊണ്ടാണ് ഒരുനാൾ അവൾ ജോസഫിന്റെ മേലങ്കിയിൽ കടന്നുപിടിച്ചത്. മേലങ്കി അവളുടെ കൈയിൽ കൊടുത്തിട്ട് അവൻ വേഗം വീട്ടിൽനിന്ന് പുറത്തുപോയി. ഈ സാഹചര്യം മുതലാക്കി,. നീ കൂട്ടിക്കൊണ്ടുവന്ന ഹെബ്രായ വേലക്കാരൻ എന്നെ അപമാനിക്കാൻ ശ്രമിച്ചുവെന്ന് അവൾ ഭർത്താവിനോട് പരാതി പറഞ്ഞു.

ഇതിൽ രോഷാകുലനായ പൊത്തിഫർ അവനെ കാരാഗൃഹത്തിലാക്കുന്നു. ഈ സംഭവം നമ്മെ പഠിപ്പിക്കുന്ന വലിയൊരു സത്യമുണ്ട്. ഒരു അടിമബാലനുണ്ടായിരുന്ന ധാർമികബോധം പോലും കൊട്ടാരത്തിൽ ജീവിച്ച യജമാനത്തിക്ക് ഇല്ലാതെപോയി! ഇന്ന് നമ്മുടെ സംസ്കാരത്തിൽ എല്ലാവിഭാഗം ആളുകളെയും പ്രത്യേകിച്ച് കുട്ടികളെയും യുവജനങ്ങളെയും സിനിമകൾ ഏറെ സ്വാധീനിക്കുന്നുണ്ട്. ആസ്വാദകരെ ആകർഷിക്കുന്നതിനായി അവതരിപ്പിക്കുന്ന സിനിമയിലെ പലരംഗങ്ങളിലും അശ്ലീലവും അധാർമ്മികതകളും ഉണ്ട് എന്ന കാര്യം വാസ്തവമാണ്. അതിനെക്കാൾ ഉപരിയായി നടീനടന്മാരുടെ വ്യക്തിപരമായ ജീവിതം നേരായവഴിക്കല്ല പോകുന്നത് എന്ന് വ്യക്തമായസൂചന ലഭിക്കത്തക്കവിധത്തിലാണ് അവർ തന്നെ പൊതുസമൂഹത്തോടു നടത്തിയ വെളിപെടുത്തലുകളും അധികാരികൾക്ക് നല്കിയ പരാതികളും വ്യക്തമാക്കുന്നത്.

ആസ്വാദകരെ നന്മയിലേക്ക് നയിക്കുന്നവിധത്തിലുള്ള കഥകളായിരിക്കണം സിനിമകളിലൂടെ ആവിഷ്ക്കരിക്കപ്പെടേണ്ടത്. അതിലുപരി നല്ലരംഗങ്ങൾ ചിത്രീകരിക്കുന്ന, അവതരിപ്പിക്കുന്ന നടീനടന്മാർ തങ്ങളുടെ സ്വകാര്യജീവിതത്തിലും ധാർമികമൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നവരായിരിക്കണം. സിനിമയിൽ അഭിനയിക്കുന്നവരെ എല്ലാവർക്കും പൊതുവെ ഇഷ്ടമാണ്. അതുകൊണ്ടുതന്നെ അവർക്ക് വലിയ സ്വാധീനം ആസ്വാദകരിൽ ചെലുത്താൻ സാധിക്കും.

നല്ല മൂല്യങ്ങൾ സമൂഹത്തിന് കൊടുക്കാൻ ദൈവത്തിന്റെ പ്രത്യേകവിളി ലഭിച്ചവരാണ് നടീനടന്മാർ എന്ന ചിന്തയോടെ വിശുദ്ധമായ ജീവിതം നയിക്കാനും വിശുദ്ധമായ കാര്യങ്ങൾ സിനിമയിലൂടെ അവതരിപ്പിക്കാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ■

# സിനിമകൾ പുനഃനിർണയിക്കുന്ന ധാർമികത

റവ. ഡോ. ജോസഫ് പാറക്കൽ



⌘⚜ **സിനിമയെ ജീവിതമാർഗമായി അതിലേറെ ഒരു കലയായി കണ്ടിരുന്ന ഒരു തലമുറയുണ്ടായിരുന്നു. അത്തരക്കാർ നിർമിക്കുന്ന സിനിമകൾ നമുക്കു പ്രിയങ്കരമാകാറുണ്ടായിരുന്നു. പ്രമേയംകൊണ്ടും അവതരണം കൊണ്ടും നമ്മുടെ ഹൃദയത്തിലിടം നേടി ബ്ലോക്ക്ബസ്റ്ററായ സിനിമകളുമുണ്ട്.**

സിനിമയെ സമൂഹത്തിന്റെ കണ്ണാടിയെന്ന് (Mirror of Society) വിശേഷിപ്പിക്കാറുണ്ട്. സമൂഹത്തിന്റെ രേഖാചിത്രം സിനിമ വരച്ചുകാട്ടുന്നു എന്ന അർഥത്തിലാണ് ഈ പ്രയോഗം. പലപ്പോഴും സാമൂഹികജീവിതവും കുടുംബബന്ധങ്ങളും വിശ്വാസവും മൂല്യങ്ങളും സാമ്പത്തികരാഷ്ട്രീയ പ്രശ്നങ്ങളുമൊക്കെയാണ് സിനിമകളുടെ പ്രമേയം. കണ്ണാടിയിലൂടെ നാം നമ്മെ നോക്കിക്കാണുന്നതുപോലെ സിനിമയിലൂടെ സമൂഹത്തെ കാണാൻസാധിക്കും. അതേസമയം സമൂഹത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിക്കുമപ്പുറം വിശ്വാസങ്ങളും മൂല്യങ്ങളും രൂപപ്പെടുത്തുന്ന, ധാർമ്മികതയെ പുനർവ്യാഖ്യാനം ചെയ്യുന്ന, പുതിയ പ്രവണതകളും പുതുമകളും വിനിമയം ചെയ്യുന്ന ശക്തമായ മാധ്യമമായി സിനിമകൾ മാറാറുണ്ട്.

സിനിമയിൽ ഒന്നും യാദൃച്ഛികമല്ല. നേരത്തെ തയ്യാറാക്കിയ തിരക്കഥയനുസരിച്ചാണ് ഷോട്ടുകളും സീനുകളും രൂപപ്പെടുത്തുന്നത്. തങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ചു സമയത്തിനും സ്ഥലത്തിനും അതീതമായ യാഥാർഥ്യമാണെന്ന് തോന്നിപ്പിക്കുന്ന വിസ്മയ ലോകത്തിലേക്ക് പ്രേക്ഷകരെ കൊണ്ടുപോകാൻ സിനിമാ നിർമാതാക്കൾക്ക് സാധിക്കും. സമൂഹത്തിനു ദിശാബോധം നൽകേണ്ട, ധാർമികമൂല്യങ്ങൾ പകർന്നുനല്കേണ്ട സിനിമകൾ ചിലപ്പോഴൊക്കെ അബദ്ധപ്രബോധനങ്ങളും തെറ്റിദ്ധാരണകളുമാണ് പ്രചരിപ്പിക്കുന്നത്. പുരോഗമന ചിന്താഗതിയെന്ന പേരിൽ കപടധാർമ്മികതയും ഉപരിപ്ലവമായ ആശയങ്ങളും അമിതമായ സ്വാതന്ത്ര്യവാദവുമാണ് അവ മുന്നോട്ടുവയ്ക്കുന്നത്. സത്യത്തിന്റെയും നീതിയുടെയും സംഭാഷണത്തിന്റെയും സംവാദത്തിന്റെയും മുന്നണിപോരാളികളേണ്ട സിനിമകൾ പൊതുനന്മയ്ക്കും ധാർമ്മികമൂല്യങ്ങൾക്കും ഘടകവിരുദ്ധമായ ഒരു സമാന്തരലോകം തന്നെ സൃഷ്ടിക്കാറുണ്ട്. താഴെ പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ അതിനുദാഹരണങ്ങളാണ്.

## മനുഷ്യമഹത്വത്തിന്റെ മാഹാത്മ്യത്തിന് വിലകല്പിക്കാത്തപ്പോൾ

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ബഹുമാന്യനും അമൂല്യനുമാണ്. പോണോഗ്രഫിയും സ്ത്രീത്വത്തെ അപമാനിക്കുന്ന പരസ്യങ്ങളും വ്യക്തിഹത്യ നടത്തുന്ന വീഡിയോകളും മനുഷ്യമഹത്വത്തിനെതിരെയുള്ള സന്ദേശങ്ങളാണ് കൈമാറുന്നത്. സാമ്പത്തികലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഇത്തരം സിനിമകൾ മനുഷ്യശരീരത്തെ വില്പനചരക്കാക്കി മാറ്റുകയാണ്. ഹൃദയനൈർമ്മല്യത്തോടെ മറ്റുള്ളവരെ സമീപിക്കുന്നതിനും ദാമ്പത്യ വിശ്വസ്തത പുലർത്തുന്നതിനും ഇത്തരം സിനിമകളും വീഡിയോകളും തടസമാകും. സിനിമാമേഖലയിലെ ലൈംഗികാതിക്രമവും കാസ്റ്റിങ് കൗച്ചും ലിംഗവിവേചനവും വ്യക്തിയുടെ മാഹാത്മ്യത്തിനെതിരെയുള്ള കടന്നുകയറ്റമാണ്.

## അക്രമവും കൊലയും മഹത്വവത്ക്കരിക്കപ്പെടുമ്പോൾ

കുറ്റകൃത്യങ്ങളും കൊലയും കൊള്ളയും രക്തച്ചൊരിച്ചിലും ബോംബ്സ്ഫോടനങ്ങളും ആഘോഷമാക്കി മാറ്റുന്ന ന്യൂജനറേഷൻ സിനിമകളാണ് ഇന്ന് പ്രേക്ഷരിലെത്തുന്നത്. നായകൻ ചെയ്യുന്ന ഏതു അതിക്രമത്തെയും കൊലവെറിയെയും ന്യായീകരിക്കുന്ന സിനിമകൾ. ലക്ഷ്യം മാർഗത്തെ സാധൂകരിക്കുമെന്ന ഫിലോസഫിയാണ് അവരെ നയിക്കുന്നത്. അക്രമങ്ങൾ കണ്ട് മനസ് മരവിച്ച, പ്രതികരണശേഷി നഷ്ടപ്പെട്ട, നിസംഗരായ ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഇത്തരം സിനിമകൾ കാരണമാകുന്നു. 2025 ലെ ആദ്യത്തെ 59 ദിവസങ്ങളിൽ 70 കൊലപാതകങ്ങളാണ് കേരളത്തിൽ രജിസ്ട്രർ ചെയ്യപ്പെട്ടത്. കേരളത്തിൽ വർദ്ധിച്ചുവരുന്ന ക്രൈംറേറ്റും അതിനു കാരണമാകുന്ന വസ്തുതകളും വിശകലനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

## സത്യാനന്തര ചിന്തകൾക്ക് കുടപിടിക്കുമ്പോൾ

നുണകൾ ആവർത്തിച്ചു അവയെ സത്യമായി അവതരിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ സിനിമകളും അതിൽനിന്നും ഒട്ടും വിഭിന്നമല്ല. സത്യത്തെ തമസ്ക്കരിക്കുന്ന, ചരിത്രത്തെ തെറ്റായി അവതരിപ്പിക്കുന്ന, രാഷ്ട്രീയ പാർട്ടികളുടെയും ചില പ്രത്യേക മതവിഭാഗങ്ങളുടെയും ചട്ടുകങ്ങളായ സിനിമകൾ സമൂഹത്തിന് തന്നെ ദോഷമാണ്. ശാസ്ത്രീയമായ അന്വേഷണം നടത്തി വസ്തുനിഷ്ഠമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വേണം ചരിത്രസംഭവങ്ങളെ അവതരിപ്പിക്കാൻ. നേരെമറിച്ച് പലസിനിമകളും ഡോക്യുമെന്ററികളും വൈകാരികവു അവാസ്തവവുമായ കാര്യങ്ങൾക്കാണ് പ്രാമുഖ്യം നല്കുന്നത്. എങ്ങനെയെങ്കിലും വിവാദങ്ങൾ സൃഷ്ടിക്കാനും അങ്ങനെ കൂടുതൽ പ്രേക്ഷകരിലെത്താനും സിനിമയുടെ അണിയറപ്രവർത്തകർ ശ്രമിക്കുന്നു.

## സാത്താനാരാധനയുടെയും പൈശാചിക ശക്തികളുടെയും പിണിയാളാകുമ്പോൾ

സാത്താനാരാധകരും സഭാവിരുദ്ധഗ്രൂപ്പുകളും പണംമുടക്കുന്ന സിനിമകൾ ഇന്ന് തീയറ്ററിലെത്തുന്നുണ്ട്. അന്ധവിശ്വാസവും നിരീശ്വരവാദവും ക്രൈസ്തവവിരോധവും ക്രിസ്തുനിഷേധവും പൈശാചികചിഹ്നങ്ങളും പ്രതീകങ്ങളും ചില പ്രത്യേക സ്കെടുകളുടെ ആരാധനാരീതിയും ഉൾക്കൊള്ളുന്നവയാണ് ഇത്തരം സിനിമകൾ. തിന്മയുടെ ശക്തികളാണ് സമൂഹത്തിൽ പ്രബലമെന്നും വിജയത്തിലെത്താനുള്ള കുറുക്കുവഴി പൈശാചികാരാധനയാണെന്നുമുള്ള അപഥചിന്തകൾ സാധാരണക്കാരിലെത്തിക്കാൻ ഇങ്ങനെയുള്ള സിനിമകൾക്ക് സാധിക്കുന്നുണ്ട്.

## മാതൃകകൾ നഷ്ടമാകുമ്പോൾ

പൊതുനന്മയും കറകളഞ്ഞ രാഷ്ട്രീയവും കുടുംബബന്ധങ്ങളും നിസ്വാർഥമായ സ്നേഹവും ത്യാഗസുരഭിലമായ ജീവിതവുമൊക്കെയായിരുന്നു ഒരു കാലത്തെ സിനിമകളുടെ പ്രമേയങ്ങൾ. പകയും പ്രതികാരവും മയക്കുമരുന്നും അധോലോകവും ഡാർക്ക് വെബും കള്ളക്കടത്തും കൂട്ടക്കൊലയുമൊക്കെയാണ് ഇപ്പോഴത്തെ സിനിമകൾ ചിത്രീകരിക്കുന്നത്. അമാനുഷികശക്തിയുള്ള സൂപ്പർഹീറോയും നിർമിതബുദ്ധിയും എന്തിനുവേണ്ട അന്യഗ്രഹജീവികൾപോലും ഈ കാലത്തെ സിനിമകളുടെ പ്രമേയമാകാറുണ്ട്. അതേസമയം മാതാപിതാക്കളും സഹോദരങ്ങളും ജീവിതപങ്കാളിയും മക്കളുമടങ്ങുന്ന സാധാരണക്കാരന്റെ ദൈനംദിനജീവിതം പലപ്പോഴും പ്രമേയമാകുന്നില്ല. കാരുണ്യവും പരിഗണനയും ആവശ്യമുള്ള സാധാരണക്കാരും അവരുടെ ദുരിതങ്ങളും അവരെ കാർന്നുതിന്നുന്ന അഴിമതികളും അസമത്വങ്ങളും പ്രതിപാദ്യവിഷയങ്ങളാകുന്നില്ല. തങ്ങൾകാണുന്നത് അനുകരിക്കാനുള്ള പ്രവണത കുട്ടികളിലും യുവതീയുവാക്കളിലുമുണ്ട്. പലപ്പോഴും അവർ അനുകരിക്കുന്നത് സിനിമകളിലെ കുറ്റകൃത്യങ്ങളും അക്രമങ്ങളുമാണ്.

## ലഹരിപ്രചരണവും വിപണനവും

സിനിമസെറ്റുകളിൽ ഹീറോയിനെക്കാളും പ്രാധാന്യം ഹെറോയിനാണെന്ന് ഈയിടെ ഒരു മാധ്യമം റിപ്പോർട്ടു ചെയ്യുകയുണ്ടായി. സിനിമാമേഖലയെ തന്നെ ലഹരിമാഫിയ കയ്യടക്കിയിരിക്കുന്ന അവസ്ഥയാണ് കേരളത്തിൽ. ലഹരിഉപയോഗ വിപണനകേസുകളിൽ ധാരാളം സിനിമാക്കാർ അറസ്റ്റിലാകുന്നുണ്ട്. സമൂഹത്തിൽ ലഹരി സുലഭമാണെന്നും ധാരാളം ആളുകൾ അതുപയോഗിക്കുന്നുണ്ടെന്നും സർഗാത്മകമായ സൃഷ്ടികൾക്ക് ലഹരിയുടെ ഉപയോഗം സഹായിക്കുമെന്നുമുള്ള സന്ദേശങ്ങളാണ് ഇവ നല്കുന്നത്. ലഹരി ഉപയോഗത്തെ മഹത്വവൽക്കരിക്കുന്നതിനും സർവസാധാരണമാക്കുന്നതിനും ഇത് സഹായിക്കുന്നു.

സിനിമയെ ജീവിതമാർഗമായി അതിലേറെ ഒരു കലയായി കണ്ടിരുന്ന ഒരു തലമുറയുണ്ടായിരുന്നു. അത്തരക്കാർ നിർമിക്കുന്ന സിനിമകൾ നമുക്കു പ്രിയങ്കരമാകാറുണ്ടായിരുന്നു. പ്രമേയംകൊണ്ടും അവതരണം കൊണ്ടും നമ്മുടെ ഹൃദയത്തിലിടം നേടി ബ്ലോക്ക് ബസ്റ്ററായ സിനിമകളുമുണ്ട്.

ഒരു വർഷംവരെ തീയറ്ററുകളിൽ പ്രദർശനം തുടർന്ന സിനിമകളുമുണ്ട്. പ്രേക്ഷകരുടെ മനസ്സറിഞ്ഞ സംവിധായകർ കാലിക പ്രസക്തമായ പ്രമേയങ്ങൾ മികവുറ്റ സാങ്കേതികവിദ്യകളുടെ സഹായത്തോടെ അവതരിപ്പിച്ചപ്പോഴാണ് അത്തരം സിനിമകൾ രൂപം കൊണ്ടത്. ഇന്ന് സിനിമ ഒരു ബിസിനസാണ്. പണമാണ് ദൈവം. കച്ചവടസാധ്യത മാത്രം അന്വേഷിക്കുന്ന സിനിമകൾ പലപ്പോഴും പൊതുനന്മയ്ക്കും മനുഷ്യമഹത്വത്തിനും വിലകല്പിക്കാറില്ല. മാനവികതയിലൂന്നിയ മനുഷ്യദർശനങ്ങളുള്ള, സത്യത്തിന്റെ പ്രഘോഷകരായ സംഭാഷണത്തെയും സംവാത്തെയും പ്രോത്സാഹിപ്പിക്കുന്ന സാമൂഹികപ്രതിബദ്ധതയ്ക്കും നീതിക്കും വേണ്ടിനിലകൊള്ളുന്ന സിനിമകളാണ് നമുക്കാവശ്യം. ■

# സിനിമകളുടെ മാസ്മരിക സ്വാധീനവലയം



മാനസികോല്ലാസത്തിനാണ് ആളുകൾ സിനിമ കാണുന്നത്. അതിനുപകരം പടം കണ്ടിറങ്ങുമ്പോൾ മാനസിക സമ്മർദ്ദങ്ങളും അസ്വസ്ഥതകളുമാണ് ഉണ്ടാവുന്നതെങ്കിൽ ആ സിനിമ സാമ്പത്തികമായി വിജയിച്ചാലും കലാപരമായും ധാർമികമായും മൂല്യാധിഷ്ഠിതമായും പരാജയപ്പെട്ടു എന്നല്ലേ അർഥം?

**ലിസി കെ. ഫെർണാണ്ടസ്**

അനുകരിക്കപ്പെടുന്ന കലാരൂപങ്ങളിൽ പ്രഥമസ്ഥാനത്താണ് സിനിമ. ഏതു ഭാഷയിലുള്ള സിനിമയും കാഴ്ചക്കാരെ സ്വാധീനിക്കാറുണ്ട്. അഭിനേതാക്കളോട് പ്രേക്ഷകർക്കുള്ള ആരാധനാമനോഭാവവും മറ്റ് കലാരൂപങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സിനിമക്ക് ലഭിക്കുന്ന വിശാലമായ ഇടങ്ങളും അത്യാധുനികമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള സാധ്യതകളുമാണ് സിനിമയെ കൂടുതൽ അനുകരണീയമാക്കുന്നത്. സിനിമയിലെ ചില മാസ് ഡയലോഗുകൾ ഏറ്റുപറയാനും ഒരു നടനെയോ നടിയെയോ കണ്ടാൽ ഓടിയെത്തി സെൽഫി എടുക്കാനും യുവജനങ്ങൾ തിടുക്കം കൂട്ടാറുണ്ട്.

സിനിമാ താരങ്ങളെ അറിയുന്നതുപോലെ ഭരണസംവിധാനങ്ങളിലിരിക്കുന്ന പ്രധാന വ്യക്തിത്വങ്ങളെ, മന്ത്രിയെ പോലും പോലും ജനങ്ങൾ പ്രത്യേകിച്ച് യുവജനങ്ങൾ അറിയണമെന്നില്ല. ഒരു നടനും രാഷ്ട്രീയ നേതാവും വ്യവസായിയും ഒരുമിച്ചു നടന്നുപോയാൽ ജനങ്ങൾ ആരുടെയടുത്തേക്കായിരിക്കും ആദ്യം ഓടിയെത്തുക? ഒരു ഉത്തരമേയുള്ളു, സിനിമ താരം. അതുതന്നെയാണ് സിനിമതാരങ്ങൾ യുവജനങ്ങളെ എത്രത്തോളം സ്വാധീനിക്കുന്നുണ്ട് എന്നതിന് തെളിവ്. സിനിമക്ക് സമൂഹത്തിൽ, യുവാക്കളുടെ ഇടയിൽ വലിയ സ്വാധീനം സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് ഇതിലൂടെ വ്യക്തമാകുന്നത്.

നല്ല സന്ദേശം തരുന്ന എത്രയോ സിനിമകൾ വിവിധ ഭാഷകളിൽ പുറത്തിറങ്ങിയിട്ടുണ്ട്. 'പാഷൻ ഓഫ് ദ ക്രൈസ്റ്റ്', ഗാന്ധി തുടങ്ങിയവ ഉദാഹരണങ്ങൾ. 'പാഷൻ ഓഫ് ദ ക്രൈസ്റ്റ്' കണ്ട് ക്രിസ്തുമതം സ്വീകരിച്ചവർ പോലുമുണ്ട്. 'ആകാശദൂത്' എന്ന മലയാള ചലച്ചിത്രം കണ്ട് അനാഥാലയങ്ങളെ സാമ്പത്തികമായി സഹായിച്ചവരെയും അവരെ സ്നേഹിച്ചവരെയും പരിചയമുണ്ട്. പക്ഷേ, ഇപ്പോൾ പുറത്തിറങ്ങുന്ന സിനിമകളിൽ ചിലതെങ്കിലും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നവയാണെന്ന് പറയാതെ വയ്യ.

അതിഭീകരമായ വയലൻസും രാജ്യസ്നേഹത്തെ വ്രണപ്പെടുത്തി ചിത്രീകരിക്കുന്ന സിനിമകളുമൊക്കെ സമൂഹത്തെ സ്വാധീനിക്കുമെന്നതിൽ തെല്ലും സംശയമില്ല. റിബലിസം ആടയാഭരണമായി കൊണ്ടു നടക്കുന്ന യുവാക്കളാണ് വയലൻസ് സിനിമകളുടെ ആരാധകർ. കച്ചവടം ലക്ഷ്യമാക്കി മുൻകൂട്ടി പുറത്തിറക്കുന്ന ട്രെയ്‌ലറുകൾ കണ്ട് ത്രില്ലടിക്കുന്ന ചെറുപ്പക്കാർ സിനിമയുടെ റിലീസ് ദിവസം തന്നെ തീയറ്ററുകളെ പൂരപ്പറമ്പാക്കും. പിന്നെ സോഷ്യൽ മീഡിയ പോസ്റ്റുകളും മറ്റുമായി സിനിമക്ക് സ്വന്തം ചിലവിൽ പബ്ലിസിറ്റി നൽകുകയും ചെയ്യും. ഇത്തരം സിനിമകൾ സമൂഹത്തിന്, പ്രത്യേകിച്ച് എന്തിനെയും അനുകരിക്കാൻ ആവേശം പൂണ്ടു നടക്കുന്ന യുവതലമുറയ്ക്ക് നൽകുന്ന സന്ദേശം എത്രയോ ഹാനികരമാണ്

മാനസികോല്ലാസത്തിനാണ് ആളുകൾ സിനിമ കാണുന്നത്. അതിനുപകരം പടം കണ്ടിറങ്ങുമ്പോൾ മാനസിക സമ്മർദ്ദങ്ങളും അസ്വസ്ഥതകളുമാണ് ഉണ്ടാവുന്നതെങ്കിൽ ആ സിനിമ സാമ്പത്തികമായി വിജയിച്ചാലും കലാപരമായും ധാർമികമായും മൂല്യാധിഷ്ഠിതമായും പരാജയപ്പെട്ടു എന്നല്ലേ അർഥം? അതുകൊണ്ട് സിനിമയെടുക്കുമ്പോൾ അത് പ്രത്യക്ഷമായോ പരോക്ഷമായോ സമൂഹത്തിൽ ചെലുത്തിയേക്കാവുന്ന സ്വാധീനത്തെപ്പറ്റി നിർമാതാക്കൾക്കും അണിയറപ്രവർത്തകർക്കും കൃത്യമായ ബോധ്യമുണ്ടാകണം. ചെറുപ്രായം മുതൽ കലാസൃഷ്ടികളിലൂടെ കാണുന്നതും കേൾക്കുന്നതും കുട്ടികളുടെ തലച്ചോറിനെയും ബുദ്ധിയെയും മനസിനെയും സ്വാധീനിക്കുമെന്നും അവർ ജീവിതാന്തസുകളിലേക്ക് പ്രവേശിക്കുമ്പോൾ പോലും കലാസൃഷ്ടികൾ സ്വാധീനം ചെലുത്തുമെന്നുമാണ് വിദഗ്ദ പഠനങ്ങൾ.

യുവാക്കൾ അവരുടെ ആരാധ്യപുരുഷന്മാരായി കണക്കാക്കുന്നതും സിനിമ മേഖലയിലുള്ളവരെയാണ്. വസ്ത്രധാരണത്തിലും ഹെയർസ്റ്റൈലിലും വരെ അവരെ അനുകരിക്കാൻ ജനങ്ങൾ ശ്രമിക്കാറുണ്ട്. പുതിയ സിനിമ ഇറങ്ങുമ്പോൾ അതിലെ നടൻ അല്ലെങ്കിൽ നടി ധരിച്ച വസ്ത്രത്തിന്റെ അതേ പാറ്റേൺ കടകളിൽ പ്രത്യക്ഷപ്പെടാറുണ്ട്. ജയന്റെ കാലം മുതൽ ആരംഭിച്ച ആ പ്രവണത ഇന്നും തുടർന്നുപോരുന്നു.

സിനിമയിലെ ചില കഥാപാത്രങ്ങളെ അനുകരിച്ച് പലതരം കുറ്റകൃത്യങ്ങൾ ചെയ്യുന്നത് ഇപ്പോൾ നിത്യസംഭവമായി മാറിക്കഴിഞ്ഞു. പല വാർത്തകളും അക്കാര്യമാണ് ഓർമ്മിപ്പിക്കുന്നത്. തിന്മയുടെ ദൃശ്യങ്ങൾ എന്നും കാണുന്ന യുവത്വം അതിനെ നിസാരവത്കരിക്കുന്നു എന്നതാണ് വേദനിപ്പിക്കുന്ന യാഥാർഥ്യം. യുവജനങ്ങളുടെ ബുദ്ധിയെയും ആശയങ്ങളെയും സിനിമ നല്ല രീതിയിൽ സ്വാധീനിക്കും. മികച്ച ഗാനങ്ങൾ ആലപിക്കപ്പെടുമ്പോൾ അതിനോടൊപ്പം പ്രേക്ഷകർ ചേരുകയും നൃത്ത ചുവടുകൾ വെക്കുകയും ആരവങ്ങൾ അർപ്പിക്കുകയും ചെയ്യാറുണ്ട്. ചുരുക്കത്തിൽ സിനിമ സമൂഹത്തിന്റെ ഭാഗമായി മുന്നോട്ടു പോകുന്നതിനാൽ അത് ജനജീവിതത്തെ നല്ല രീതിയിൽ ബാധിക്കുന്നുണ്ട് എന്ന് നിസംശയം പറയാം.

കുടുംബങ്ങളുടെയും വിശ്വാസത്തിന്റെയും സമൂഹത്തിന്റെയും നിലനിൽപ്പിന് ഉതകുന്ന കലാസൃഷ്ടികളാണ് വരും കാലഘട്ടങ്ങളിൽ ഉണ്ടാകേണ്ടത്. മതങ്ങളെയും സമൂഹത്തെയും രാജ്യത്തെയും വ്രണപ്പെടുത്താത്ത അനേകം സിനിമകളും കലാസൃഷ്ടികളും ഗാനങ്ങളും ചിത്രീകരിക്കുവാൻ സിനിമ ലോകത്തിന് സാധിക്കട്ടെ. അതിന് കലാരംഗത്ത് ധാർമികമൂല്യവും കഴിവുമുള്ളവരെ കണ്ടെത്തി ഉപയോഗിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയും ആവശ്യകതയുമാണ്. ■

# വെളിച്ചംവിതറുന്ന വിമലമേരി മിഷനറി സഹോദരികൾ




ഹോംമിഷൻ പോലെയുള്ള ശുശ്രൂഷകൾ വഴി വളരെപേർ വിശ്വാസജീവിതത്തിലേക്ക് തിരിച്ച് വരുന്നതിനും നഷ്ടപ്പെട്ടുപോയ കുടുംബപ്രാർഥനകളും കൗദാശിക ജീവിതവും പുനരാരംഭിക്കുന്നതിനും എംഎസ്എംഐ സന്യാസിനിമാർ കാരണമായിട്ടുണ്ട്.

**സി. എൽസി വടക്കേമുറി എം.എസ്.എം.ഐ (സുപ്പീരിയർ ജനറൽ)**

മോൺ. സി. ജെ. വർക്കി അവിഭക്ത തലശേരി രൂപതയിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ അനുഗ്രഹാശിസുകളോടെ 1962 സെപതംബർ എട്ടിന് ആരംഭിച്ച സന്ന്യാസിനീ സമൂഹമാണ് വിമലമേരി മിഷനറി സഹോദരികൾ അഥവാ എംഎസ്എംഐ. വചനപ്രഘോഷണത്തിലൂടെയും കുടുംബപ്രേഷിതത്വത്തിലൂടെയും യേശുവിന്റെ രക്ഷാകരസ്നേഹം നൽകുവാൻ ഈ സമൂഹം ജാഗ്രതയോടെ നിലകൊള്ളുന്നു. സ്ഥാപകപിതാവായ സി. ജെ. വർക്കിയച്ചൻ ദൈവവചന പ്രഘോഷണത്തിനുള്ള അതീവതീക്ഷ്ണതയോടെ 1972-ൽ ഭോപ്പാൽ അതിരൂപതയിൽ ഫത്തേപ്പൂർ മിഷൻ ആരംഭിക്കുകയും തുടർന്ന് ഇന്ത്യയിലും വിദേശത്തും നിരവധി മിഷൻ സെന്ററുകൾ വ്യാപിപ്പിക്കുകയും ചെയ്തു.

1988 ഒക്ടോബർ 15-ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ എം.എസ്.എം. ഐ സന്യാസ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തി.

നാലു പ്രൊവിൻസുകളിലായി 151 ശാഖാ ഭവനങ്ങളും 820 സിസ്റ്റേഴ്സുമുള്ള ഈ സമൂഹത്തിലെ സഹോദരിമാർ വിവിധ പ്രേഷിത ശുശ്രൂഷകളിലൂടെ ദൈവത്തിനും ദൈവജനത്തിനുമായി തങ്ങളുടെ ജീവിതം സമർപ്പിച്ചിരിക്കുന്നു. ഭവനസന്ദർശനം, ദൈവവചനപ്രഘോഷണം, വിദ്യാഭ്യാസം, ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾ, ആതുരശുശ്രൂഷ, പ്രോലൈഫ് പ്രവർത്തനങ്ങൾ, രോഗികളും അനാഥരുമായവരുടെ പരിപാലനം, മതബോധനം, ക്രിസ്റ്റീൻ പ്രോഗ്രാം, യുവജന പ്രവർത്തനങ്ങൾ, കൗൺസിലിംഗ്, ജയിൽമിനിസ്ട്രി തുടങ്ങിയ ഒട്ടേറെ ശുശ്രൂഷകൾ സഹോദരിമാർ ചെയ്തുവരുന്നു. കുടുംബങ്ങളുടെയും വ്യക്തികളുടെയും നവീകരണവും എല്ലാ തിന്മകളിൽ നിന്നുമുള്ള ദൈവജനത്തിന്റെ വിമോചനവും ലക്ഷ്യം വച്ചുകൊണ്ട് സഭയിലെ നാലു ധ്യാന സെന്ററുകളിൽ സിസ്റ്റേഴ്സ് മുഴുവൻസമയ വചനപ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു.

ഭവനസന്ദർശനത്തിന് സിസ്റ്റേഴ്സ് പ്രാധാന്യം കൊടുക്കുകയും അതുവഴി കുടുംബനവീകരണം സാധ്യമാക്കുകയും ചെയ്യുന്നു. ഹോംമിഷൻ പോലെയുള്ള ശുശ്രൂഷകൾ വഴി വളരെപേർ വിശ്വാസജീവിതത്തിലേക്ക് തിരിച്ച് വരുന്നതിനും നഷ്ടപ്പെട്ടുപോയ കുടുംബപ്രാർഥനകളും കൗദാശിക ജീവിതവും പുനരാരംഭിക്കുന്നതിനും എംഎസ്എംഐ സന്യാസിനിമാർ കാരണമായിട്ടുണ്ട്.

മരിയൻ ആധ്യാത്മികതയിൽ വേരുറപ്പിക്കപ്പെട്ടിരിക്കുന്നതാണ് ഈ സന്ന്യാസിനീ സമൂഹത്തിന്റെ ആധ്യാത്മികത. രക്ഷകന്റെ അമ്മയായ പരിശുദ്ധ മറിയത്തിൽ വിളങ്ങിയിരുന്ന ആത്മീയചൈതന്യമാണ് ഓരോ എം.എസ്.എം.ഐ സഹോദരിയുടെയും ജീവിതത്തിന് നിറം പകരുന്നത്. ■

ഒന്നാം പേജ് തുടർച്ച



⌘꙳ **പോപ് ലെയോ പതിനാലാമൻ പാപ്പാ വി. പത്രോസിന്റെ ബസിലിക്കയിൽനിന്ന് ആദ്യമായി നടത്തിയ അഭിസംബോധനയിൽ അദ്ദേഹത്തിന്റെ പൊന്തിഫിക്കേറ്റ് ഊന്നൽനല്കുന്ന രണ്ട് പ്രധാന ആശയങ്ങളുടെ ആവിഷ്കാരം കണ്ടെത്താനാകും.**

ക്രൂരനായ ഹൂണ ചക്രവർത്തി ആറ്റിലയെ അനുനയിപ്പിച്ച മഹാനായ ലിയോ ഒന്നാമൻ പാപ്പാ തുടങ്ങി പതിമൂന്നു മാർപാപ്പാമാർ ആപേരുകാരായുണ്ട് സഭയുടെ ചരിത്രത്തിൽ. ലെയോ പതിനാലാമൻ എന്ന പേരുതന്നെ ഒരു അടയാളവാക്യമാണ്. ആധുനിക മാർപാപ്പാമാരുടെ ചരിത്രം തുടങ്ങുന്നത് 1878 മുതൽ 1903 വരെ സാർവത്രിക സഭയെ നയിച്ച ലിയോ പതിമൂന്നാമനിൽ നിന്നാണെന്നു പറയുന്ന സഭാചരിത്രകാരന്മാരുണ്ട്. സഭയെ അധുനാധുനീകരിക്കുക എന്ന ചരിത്രനിയോഗം നിറവേറ്റിയ, ജീവിക്കുന്ന ചുറ്റുപാടുകളിലേക്കു സഭയുടെ ശ്രദ്ധ തിരിച്ചുവിട്ട, തിരുസഭയുടെ സാമൂഹിക ഉത്തരവാദിത്വങ്ങളെക്കുറിച്ചു ബോധ്യം ജനിപ്പിച്ച, നീതിയിൽ അധിഷ്ഠിതമായ സാമൂഹികപുരോഗതി സ്വപ്നം കണ്ട, ദൈവശാസ്ത്രത്തിനും വി. ഗ്രന്ഥപഠനത്തിനും സഭയിൽ പുതിയ സാധ്യതകൾ തുറന്ന ലിയോ പതിമൂന്നാമന്റെ തുടർച്ച തന്നിലൂടെ ഉണ്ടാകുമെന്ന ഉറപ്പാണ് ലിയോ പതിനാലാമൻ എന്ന പേരുസ്വീകരിച്ചതിലൂടെ കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് തരുന്നത്. പെറുവിയൻ പട്ടണമായ ട്രുജിലോയുടെ ചേരിസമാനമായ പ്രാന്തപ്രദേശങ്ങളിൽ ആഭ്യന്തര സംഘർഷങ്ങളാൽ രക്തരൂഷിതമായ പെറുവിന്റെ ചരിത്രത്തിലെ ഏറ്റവും ഇരുണ്ടകാലത്താണ് "പാദ്രെ പ്രെവോസ്റ്" എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന പോപ്പ് ലിയോ പതിനാലാമൻ സേവനം ചെയ്തത്. അതിനാൽ നീതിക്കുവേണ്ടിയുള്ള നിലപാടുകളും സമൂഹത്തിന്റെ വിളുമ്പുകളിൽ കഴിയുന്നവരോടൊപ്പമുള്ള സഹയാത്രയും തന്റെ പൊന്തിഫിക്കറ്റിലൂടെ അദ്ദേഹം ഉറപ്പാക്കുമെന്നു പ്രത്യാശിക്കാം.

പോപ്പ് ലിയോ പതിനാലാമൻ പാപ്പാ വി. പത്രോസിന്റെ ബസിലിക്കയിൽ നിന്ന് ആദ്യമായി നടത്തിയ അഭിസംബോധനയിൽ അദ്ദേഹത്തിന്റെ പൊന്തിഫിക്കേറ്റ് ഊന്നൽ നൽകുന്ന രണ്ട് പ്രധാന ആശയങ്ങളുടെ ആവിഷ്കാരം കണ്ടെത്താനാകും. ഒന്നാമത് അദ്ദേഹം പറഞ്ഞ ആദ്യ ആശംസാവാചകമാണ്: "പാച്ചേ അ വോയ്" ഉത്ഥിതന്റെ സമാധാനം ആശംസിച്ചാണ് അദ്ദേഹം ആരംഭിച്ചത്. യുദ്ധകഥകൾ കേട്ടും കണ്ടും മനസുമരവിച്ച നമ്മുടെ ലോകത്തിനു, മിശിഹായുടെ വികാരിയിൽ നിന്നും മറ്റെന്താണ് ലഭിക്കേണ്ടത്.? സംഘർഷഭരിതമായ ലോകത്തിൽ തിരുസഭ സമാധാനത്തിന്റെ സംവാഹയാകണം, അവളുടെ സന്താനങ്ങൾ സമാധാനസ്ഥാപകരായിരിക്കണം. മഹാനായ ലിയോ ഒന്നാമൻ പാപ്പയെപ്പോലെ യുദ്ധവെറിപൂണ്ട് നിൽക്കുന്നവരുടെ മുൻപിൽ നിർഭയം നിന്ന് അവരെ സമാധാനത്തിന്റെ വഴിയിലേക്ക് നയിക്കാൻ ലിയോ പതിനാലാമൻ പാപ്പയ്ക്ക് കഴിയട്ടെ! പാലങ്ങൾ പണിയുന്ന സഭയാകാൻ, നമ്മുടെ സഹായവും സാന്നിധ്യവും സ്നേഹവും സംഭാഷണവും ആവശ്യമുള്ളവരെ കരങ്ങൾ വിരിച്ച് സ്വീകരിക്കുന്നതിന്റെയും, സംഭാഷണത്തിന്റെയും ഒരു സഭയാകാൻ നാം ഒത്തൊരുമിച്ചു യത്നിക്കണമെന്ന് ആദ്യസന്ദേശത്തിൽ പാപ്പാ ആഹ്വാനം ചെയ്തു. സംഘർഷഭരിതമായ ലോകത്തെ സമാധാനത്തിന്റെ തീരങ്ങളിലേക്കു നയിക്കാനാകുമെന്ന, വിഭജനങ്ങളുടെ ക്ഷതങ്ങൾ സുഖപ്പെടുത്താനാകുമെന്നുള്ള പ്രത്യാശയാണ് ഇൻ ഇല്ലോ ഊണൊ ഊണും" മിശിഹായിൽ എല്ലാം ഒന്നാകുന്നതിനു എന്ന ആപ്തവാക്യം സ്വീകരിച്ച ലിയോ പതിനാലാമൻ പാപ്പയുടെ വാക്കുകളിൽനിന്ന് വായിച്ചെടുക്കാനാകുന്നത്.

ലിയോ പതിനാലാമൻ പാപ്പയുടെ ആദ്യ സന്ദേശങ്ങളിൽ നിന്നും വായിച്ചെടുക്കാവുന്ന മറ്റൊരു കാര്യം അദ്ദേഹത്തിന്റെ പൊന്തിഫിക്കേറ്റിൽ സഭയ്ക്കുണ്ടാകാൻ പോകുന്ന വലിയൊരു പ്രേഷിത ആവേഗമാണ്. തന്റെ ആദ്യ സന്ദേശത്തിൽതന്നെ പാപ്പാ പറയുന്നു: "മിശിഹായുടെ പ്രകാശം ലോകം അത്രമേൽ തീവ്രമായി ആഗ്രഹിക്കുന്നു". പാപ്പയായ ശേഷമുള്ള തന്റെ ആദ്യ പരിശുദ്ധ കുർബാനയ്ക്കിടയിലെ സന്ദേശത്തിൽ അദ്ദേഹം പറയുന്നു: "മിശിഹായിലുള്ള ആനന്ദകരമായ വിശ്വാസത്തിന്റെ സാക്ഷ്യം വഹിക്കുകയാണ് നമ്മുടെ വിളി." അന്ത്യോഖ്യയിലെ വി. ഇഗ്നേഷ്യസിന്റെ വിഖ്യാതമായ വാചകം ഉദ്ധരിച്ചുകൊണ്ടു പാപ്പാ പറയുന്നു "മിശിഹാ നിലനിൽക്കുന്നതിനുവേണ്ടി ഞാൻ ഇല്ലാതാകുന്നു, മിശിഹാ അറിയപ്പെടുന്നതിനുവേണ്ടി ഞാൻ ചെറുതാകുകയും സ്വയം വ്യയം ചെയ്യപ്പെടുകയും ചെയ്യുന്നു." ആധുനികനൂറ്റാണ്ടിൽ സഭയ്ക്ക് സംഭവിച്ച പ്രേഷിതാഭിമുഖ്യങ്ങളുടെ കുറവ് ലിയോ പതിനാലാമൻ തന്റെ പൊന്തിഫിക്കറ്റിൽ പരിഹരിക്കുമെന്ന് പ്രത്യാശിക്കാം. "the real remedy for a sick Church is to put it on a Missionary diet" എന്ന് പറയാറുണ്ട്. നിശ്ചയമായും അതിഭൗതികത കൊണ്ട് രോഗിയായിമാറിയ സമകാലിക സഭയെ സുഖപ്പെടുത്താൻ പോരുന്ന ഒരു മിഷനറി ഡയറ്റ് അദ്ദേഹം പരിചയപ്പെടുത്തുമെന്നു പ്രത്യാശിക്കാം.

24 വ്യക്തിസഭകളുടെ കൂട്ടായ്മയായ കത്തോലിക്കസഭയിൽ, 23 ഉം പൗരസ്ത്യ സഭകളായിരിക്കെ, പൗരസ്ത്യസഭകളോടുള്ള തുറവിയും കിഴക്കിന്റെ ആധ്യാത്മികപാരമ്പര്യത്തോടുള്ള ആദരവും ലിയോ പതിനാലാമൻ പാപ്പയുടെ വാക്കുകളിൽ കണ്ടെത്താനാകും. പാപ്പാ സ്ഥാനത്തു എത്തിയശേഷം അദ്ദേഹം ആദ്യം പങ്കെടുത്ത പൊതുചടങ്ങുകളിലൊന്ന് പൗരസ്ത്യസഭകളുടെ കൂട്ടായ്മയിലുള്ള ജൂബിലി ആഘോഷമായിരുന്നു. അവിടെ അദ്ദേഹം പൗരസ്ത്യസഭകളോട് പറഞ്ഞു "തിരുസഭയ്ക്കു നിങ്ങളെ ആവശ്യമുണ്ട്, നിങ്ങളുടെ പൗരാണിക ആധ്യാത്മിക പാരമ്പര്യത്താൽ സാർവത്രികസഭയുടെ ആത്മീയതയെ നവീകരിക്കാനാകും." ഓറിയന്റലും ഡിഞ്ഞിത്താസ് കിഴക്കിന്റെ മഹത്വം എന്ന ചാക്രികലേഖനം വഴി പൗരസ്ത്യ ക്രൈസ്തവികതയുടെ ഗരിമ പടിഞ്ഞാറിനുമുമ്പിൽ സധൈര്യം അവതരിപ്പിച്ച ലിയോ പതിമൂന്നാമന് തുല്യമായി പൗരസ്ത്യക്രൈസ്തവരുടെ ആവശ്യങ്ങൾക്കുനേരെ കൂടുതൽ തുറവി ലിയോ പതിനാലാമൻ പാപ്പായിൽ നിന്നും നമുക്ക് പ്രതീക്ഷിക്കാം.

"നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചുവച്ചുവല്ലോ" പ്രശസ്തമായൊരു ബൈബിൾ വാക്യമാണിത്. ദൈവം അങ്ങനെയാണ്, എപ്പോഴും എവിടെയും കൂടുതൽ മെച്ചമായതു അവിടുന്നു കരുതിവയ്ക്കാറുണ്ട്. നമ്മുടെ കാലത്തെ ലോകത്തിനും സഭയ്ക്കും വേണ്ടി ആരുടെയും കണ്ണിൽപെടാതെ ദൈവം കരുതിവച്ച "നല്ല വീഞ്ഞ്" എന്നാണ് ഒറ്റവാക്കിൽ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് എന്ന ലിയോ പതിനാലാമൻ പാപ്പയെ വിശേഷിപ്പിക്കാനാകുന്നത്.

കണ്ണീരും കദനവും ഇഴപിരിഞ്ഞ സാധാരണക്കാരുടെ ഗന്ധമുള്ളൊരു മനുഷ്യനെ ചേരികളിൽനിന്ന് പത്രോസിന്റെ സിംഹാസനത്തിലെത്തിച്ച ദൈവനീതി തികച്ചും വിസ്മയകരം എന്നല്ലാതെ എന്തുപറയാൻ! ■



# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## മെയ് 2 മുതൽ 18 വരെ

**മെയ്**

- **2 വെള്ളി :** പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ കബറടക്കശുശ്രൂഷകളിൽ പങ്കെടുത്തശേഷം തിരിച്ചെത്തി.
- **3 ശനി :** മൗണ്ട് സെന്റ് തോമസിൽ നടത്തിയ മതബോധന ഡയറക്ടർമാരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തു.
- **6 ചൊവ്വ :** മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോമലബാർ മിഷനെ സഹായിക്കുന്ന ഉപകാരികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നല്കി.
- **5 തിങ്കൾ :** സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ അല്മായ മിഷനറി സംഗമത്തെ അഭിസംബോധന ചെയ്തു.

  തൃശൂർ അതിരൂപതയിലെ നവീകരിച്ച കുരിയച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.
- **7 ബുധൻ :** എറണാകുളം-അങ്കമാലി അതിരൂപതയിൽ താന്നിപ്പുഴ സെന്റ് ആൻസ് സിസ്റ്റേഴ്സിന്റെ കേരളത്തിലെ മിനിസ്ട്രിയുടെ സുവർണജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും നിത്യവ്രത വാഗ്ദാനതിരുക്കർമങ്ങൾക്കു നേതൃത്വം നല്കുകയും ചെയ്തു.
- **8 വ്യാഴം :** മതബോധന കമ്മീഷന്റെ ആഭിമുഖ്യത്തിൽ മൗണ്ട് സെന്റ് തോമസിൽ നടത്തിയ പ്രതിഭാസംഗമത്തിൽ പങ്കെടുത്ത കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ചു.
- **9 വെള്ളി :** പൗരസ്ത്യസഭകളുടെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും ലെയോ പതിനാലാമൻ പാപ്പായുടെ ശുശ്രൂഷയേല്ക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്നതിനുമായി റോമിലേക്ക് പുറപ്പെട്ടു.
- **13 ചൊവ്വാ :** വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ മഹാജൂബിലിയോടനുബന്ധിച്ച് കൽദായ സഭാധ്യക്ഷൻ പാത്രിയർക്കീസ് ലൂയീസ് സാക്കോ അർപ്പിച്ച വി. കുർബാനയിൽ സഭയിലെ മറ്റ് മെത്രാന്മാരോടൊപ്പം സഹകാർമികത്വം വഹിക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.
- **14 ബുധൻ :** പൗരസ്ത്യസഭകളിലെ മേലധ്യക്ഷന്മാർക്കും വിശ്വാസികൾക്കുമായി അനുവദിച്ച പരിശുദ്ധ പിതാവിന്റെ പ്രത്യേക ഓഡിയൻസിൽ പങ്കെടുക്കുകയും സീറോമലബാർസഭയുടെ അഭിനന്ദനങ്ങളും പ്രാർഥനകളും അറിയിക്കുകയും ചെയ്തു.
- **18 ഞായർ :** പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായുടെ പൊന്തിഫിക്കേറ്റിന്റെ ആരംഭം കുറിച്ചുകൊണ്ട് അർപ്പിച്ച വി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു.

# കുർബാനധർമം സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

പ്രബോധനപാത
റവ. ഡോ. ബിൽജു വാഴപ്പിള്ളി

കുർബാനധർമം എന്തിനാണെന്നും അത് സ്വീകരിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും നമ്മെ ഓർമപ്പെടുത്തുന്ന പുതിയ സഭാരേഖയാണ് വൈദികർക്കായുള്ള റോമൻ ഡിക്കാസ്റ്ററി ഫ്രാൻസിസ് മാർപാപ്പയുടെ അംഗീകാരത്തോടെ ഏപ്രിൽ 13 നു പുറത്തിറക്കിയ സെക്കുന്തും പ്രൊബാത്തും (സഭയുടെ പാരമ്പര്യമനുസരിച്ച്) എന്ന ഡിക്രി. വിശുദ്ധ കുർബാനയർപ്പണനിയോഗം, അതിലേക്കായി വിശ്വാസികൾ നൽകിയിരുന്ന തുക, കൂടുതൽ നിയോഗങ്ങളോടെയുള്ള വിശുദ്ധകുർബാനയർപ്പണം തുടങ്ങിയ വിവിധ കാര്യങ്ങളുമായി ബന്ധപ്പെട്ട 1991 ലെ മോസ് യൂജിത്തെർ (Mos iugiter) എന്ന ഡിക്രിയും നിലവിലെ കാനോനികനിയമവും ആണ് ഈ ഡിക്രിക്ക് ആധാരമായിട്ടുള്ളത്. സഭാപാരമ്പര്യമനുസരിച്ച് വിശുദ്ധ കുർബാനയെന്ന കൂദാശയുടെ അന്തസും ആധ്യാത്മികസമഗ്രതയും കാത്തുസൂക്ഷിക്കുക, സഭയിൽ കുർബാനപ്പണം സംബന്ധിച്ച് കൂടുതൽ സുതാര്യതയും വ്യക്തതയും ഉറപ്പാക്കുക, കുർബാനയുടെ നിയോഗവുമായി ബന്ധപ്പെട്ട തങ്ങളുടെ സംഭാവനകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് വിശ്വാസികളുടെ വിശ്വാസ്യത ഉറപ്പാക്കുക എന്നിങ്ങനെ ഈ ഡിക്രിയുടെ ഉദ്ദേശ്യശുദ്ധി വളരെ പ്രശംസനീയമാണ്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന്, മെത്രാന്മാരിൽനിന്നും വൈദികരിൽനിന്നും സാധാരണ വിശ്വാസികളിൽനിന്നും വ്യക്തികളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും കുർബാനധർമവുമായി ബന്ധപ്പെട്ട് ലഭിച്ച നിരീക്ഷണങ്ങൾക്കും ചോദ്യങ്ങൾക്കും അഭ്യർഥനകൾക്കും മറുപടിയായി, ഈ ഡികാസ്ട്രി, പ്രശ്നത്തിന്റെ എല്ലാവശങ്ങളും ആഴത്തിൽ പരിശോധിച്ചതിനുശേഷം, ബന്ധപ്പെട്ട മറ്റ് ഡികാസ്ട്രികളുമായി വിപുലമായ കൂടിയാലോചനകൾക്കുശേഷം, പുതിയ



⌘ വിശുദ്ധ കുർബാന അർപ്പണത്തിനായി സംഭാവന നൽകുന്ന വിശ്വാസികൾ, തങ്ങളുടേതായ ത്യാഗം ഏറ്റെടുക്കുന്നതുവഴി കൂടുതലായി വിശുദ്ധ കുർബാനയോട് ചേരുകയും, അതോടൊപ്പം സഭയുടെ ആവശ്യങ്ങളോട് സഹകരിക്കുകയും സഭയിൽ ശുശ്രൂഷ ചെയ്യുന്നവരുടെ പരിപാലനത്തിനായി തങ്ങളുടെ സംഭാവന നൽകുകയുമാണ് ചെയ്യുന്നതെന്ന് ഈ ഡിക്രി ഓർമപ്പെടുത്തുന്നു.

മാനദണ്ഡങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെടുകയും താഴെപ്പറയുന്നവ നൽകുകയും ചെയ്തു.

### കുർബാനധർമം

ബലിപീഠത്തിൽ ശുശ്രൂഷിക്കുന്നവർ ബലിപീഠത്തിൽനിന്നു ഉപജീവിക്കുന്നു (1 കോറി 9:13) എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധ കുർബാന അർപ്പണത്തിന് ദൈവജനം നൽകുന്ന കാഴ്ചയാണ് കുർബാനധർമം. ഇപ്രകാരം, വിശുദ്ധ കുർബാന അർപ്പണത്തിനായി സംഭാവന നൽകുന്ന വിശ്വാസികൾ, തങ്ങളുടേതായ ത്യാഗം ഏറ്റെടുക്കുന്നതുവഴി കൂടുതലായി വിശുദ്ധ കുർബാനയോട് ചേരുകയും, അതോടൊപ്പം സഭയുടെ ആവശ്യങ്ങളോട് സഹകരിക്കുകയും സഭയിൽ ശുശ്രൂഷ ചെയ്യുന്നവരുടെ പരിപാലനത്തിനായി തങ്ങളുടെ സംഭാവന നൽകുകയുമാണ് ചെയ്യുന്നതെന്ന് ഈ ഡിക്രി ഓർമപ്പെടുത്തുന്നു.

### കുർബാനകണക്ക് കൃത്യവും സുതാര്യവുമാകണം

വിശുദ്ധ കുർബാനയുടെ നിയോഗാർത്ഥം സംഭാവന സ്വീകരിക്കുമ്പോൾ, അത് കൃത്യമായി രേഖപ്പെടുത്തപ്പെടുന്നുവെന്നും അതനുസരിച്ചുള്ള വിശുദ്ധ കുർബാനകൾ അർപ്പിക്കപ്പെടുന്നുവെന്നും ഉറപ്പാക്കാൻ മെത്രാന്മാർക്കും വികാരിമാർക്കും കടമയുണ്ട്. അതിൻപ്രകാരം, പൊതുവാർഷികധ്യാനാവസരത്തിൽ (ഇടവക)വൈദികർ തങ്ങളുടെ കുർബാനകണക്കു പുസ്തകം കൃത്യമായി രേഖപ്പെടുത്തി മെത്രാന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന പതിവ് മിക്ക രൂപതകളിലും ഉണ്ട്. ഒരു ദിവസം കുർബാനധർമം ഒന്നു മാത്രമേ സ്വീകരിക്കാവൂ.

### ഒരു കുർബാനയും വിവിധ നിയോഗങ്ങളും

വിശുദ്ധ കുർബാന അർപ്പിക്കുന്ന വൈദികന്, തന്നിൽ ഏല്പിക്കപ്പെടുന്ന നിയോഗത്തിലേക്കായി വിശുദ്ധ കുർബാന അർപ്പിക്കുമെന്ന വ്യവസ്ഥയോടെ, കുർബാനപ്പണമെന്ന രീതിയിൽ സംഭാവന സ്വീകരിക്കുന്നതിന് അനുമതിയുണ്ട്. എന്നാൽ, വിവിധ നിയോഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വിശുദ്ധ കുർബാന അർപ്പിക്കുന്ന പതിവ് ഇനിമുതൽ കൂടുതൽ കൃത്യമായ നിബന്ധനകളോടെ മാത്രമേ പാടുള്ളൂ. ഇത്തരം കുർബാനകളിലേക്ക് പണം സ്വീകരിക്കുമ്പോൾ, ഇതേക്കുറിച്ച് വിശ്വാസികളെ വ്യക്തമായി അറിയിക്കണം. അവരുടെ സ്വതന്ത്രമായ സമ്മതത്തോടെ മാത്രമേ വിവിധ നിയോഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശുദ്ധ കുർബാനക്കായി അവരുടെ സംഭാവന സ്വീകരിക്കാവൂ. ഈ നിയമത്തിലൂടെ സഭ ലക്ഷ്യം വയ്ക്കുന്നത്, കുർബാനനിയോഗത്തിലേക്കായി ഓരോ വ്യക്തിയും നൽകുന്ന സംഭാവനയ്ക്ക് ഓരോ കുർബാനവീതം അർപ്പിക്കപ്പെടണമെന്ന നിയമം പാലിക്കപ്പെടുക, വിവിധ നിയോഗങ്ങളോടെ ഒരു കുർബാന അർപ്പിക്കുന്ന അധികമായ പതിവ് കുറയ്ക്കുക എന്നിവയാണ്.

### മറ്റു നിയമങ്ങൾ

- വിശുദ്ധകുർബാനയുടെ നിയോഗത്തിനായി വിശ്വാസികൾ വൈദികർക്ക് നൽകിവന്നിരുന്ന കുർബാനപ്പണത്തിന് വാണിജ്യ കൈമാറ്റത്തിന്റെ സ്വഭാവമുണ്ടാകരുത്.
- കൂദാശകളുടെ പരികർമത്തിനായി, രൂപതാധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള ധർമത്തിന് പുറമെ കാർമികൻ ഒന്നും ആവശ്യപ്പെടരുത്.
- ദാരിദ്ര്യം കാരണം ഏറ്റവും ആവശ്യക്കാർക്ക് കൂദാശകളുടെ സഹായം നിഷേധിക്കപ്പെടുന്നത് എപ്പോഴും ഒഴിവാക്കണം. അതിനാൽ, കുർബാനപ്പണം കൈപ്പറ്റാതെയും പാവപ്പെട്ടവരുടെ നിയോഗങ്ങൾക്കായി വൈദികർ വിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.
- രൂപതകളിൽ അധികമായി ഉണ്ടാകുന്ന വിശുദ്ധ കുർബാനനിയോഗങ്ങളും അതിനായി ലഭിച്ച തുകയും മിഷൻ പ്രദേശങ്ങൾക്കോ ബുദ്ധിമുട്ടുള്ള മറ്റ് ഇടവകകൾക്കോ നൽകുന്ന ശീലം വളർത്തിയെടുക്കണം. ■

# ഭാരതസഭയെക്കുറിച്ച് വിശുദ്ധ ജെറോം

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര
റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

⌘ അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിച്ച രാജ്യങ്ങളെ കുറിച്ച് എഴുതുമ്പോൾ ഒരിജനെയും അംബ്രോസിനെയും പോലെ ജെറോമും തോമസിനെ കുറിച്ചാണ് ആദ്യം എഴുതുന്നത്. തുടർന്നാണ് പത്രോസ് റോമിലും പൗലോസ് ഇല്ലിറിക്കിലും എന്ന് എഴുതുന്നത്.

ആദ്യനൂറ്റാണ്ടുകളിലെ മഹാന്മാരായ പണ്ഡിതന്മാരിൽ വളരെ ശ്രദ്ധേയനാണ് വിശുദ്ധ ജെറോം. നിരവധി ഭാഷകൾ അറിയാമായിരുന്ന വിശുദ്ധ ജെറോം ബിബ്ളിക്കൽ, ക്ലാസിക്കൽ, പട്രിസ്റ്റിക് രചനകളിൽ നല്ല പരിചയമുള്ള വ്യക്തിയായിരുന്നു. ഇന്ത്യയുടെ ഭൂമിശാസ്ത്രത്തെയും ഭൂപ്രകൃതിയെയും കുറിച്ച് അദ്ദേഹത്തിന് നല്ല അറിവ് ഉണ്ടായിരുന്നു. ജെറോം തന്റെ പല രചനകളിലും തോമാശ്ലീഹായെ കുറിച്ച് പറയുന്നുണ്ട്. Epistola ad Marcellum എന്ന തന്റെ പുസ്തകത്തിൽ ഈശോ 40 ദിവസങ്ങളിൽ അപ്പസ്തോലന്മാരോടൊപ്പവും മാലാഖമാരോടൊപ്പവും പിതാവിലും സമുദ്രത്തിന്റെ അങ്ങേയറ്റത്തും ഒരേസമയം ഉണ്ടായിരുന്നുവെന്ന് അദ്ദേഹം എഴുതുന്നു. ഉത്ഥിതനായ ഈശോ എല്ലായിടത്തും താമസിച്ചു: തോമസിനോടൊപ്പം ഇന്ത്യയിൽ, പത്രോസിനോടൊപ്പം റോമിൽ, പൗലോസിനോടൊപ്പം ഇല്ലിറിക്കിൽ, ടൈറ്റസിനോടൊപ്പം ക്രേറ്റയിൽ, ആൻഡ്രൂവിനോടൊപ്പം അക്കായിയായിൽ, എല്ലാ രാജ്യങ്ങളിലെയും അപ്പോസ്തോലന്മാരോടൊപ്പം ആ രാജ്യങ്ങളിൽ അവിടുന്ന് വസിച്ചു.

392-ൽ എഴുതിയ തന്റെ De viris illutsribus എന്ന കൃതിയിൽ തോമാശ്ലീഹായെ കുറിച്ച് വീണ്ടും പരാമർശം കാണാം. തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് എഴുതുമ്പോൾ, പാർത്തിയാക്കാർ മുതൽ ഇന്ത്യക്കാർ വരെ നിരവധി ആളുകളോട് അദ്ദേഹം സുവിശേഷം പ്രസംഗിച്ചു എന്ന് ജെറോം അഭിപ്രായപ്പെടുന്നു. പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നത് പോലെ അപ്പസ്തോലനായ തോമ പാർത്തിയക്കാർ, മേദിയാക്കാർ, പേർഷ്യക്കാർ, കർമാനിയാക്കാർ, ഹിർകാനിയക്കാർ എന്നിവരുടെ ഇടയിൽ കർത്താവിന്റെ സുവിശേഷം പ്രസംഗിച്ചു എന്ന് അദ്ദേഹം എഴുതുന്നു. ഇന്ത്യയിലെ കലാമിന എന്ന നഗരത്തിലാണ് തോമാശ്ലീഹാ മരിച്ചത് എന്നും വിശുദ്ധ ജെറോം എഴുതുന്നു. Adversus Jovinum എന്ന തന്റെ പുസ്തകത്തിൽ ജെറോം ബുദ്ധമതക്കാരെയും ബ്രാഹ്മണരെയും കുറിച്ച് എഴുതുന്നുണ്ട്.

പാർത്തിയായിൽ ആണ് തോമസ് സുവിശേഷം പ്രസംഗിച്ചത് എന്ന് ഒരിജൻ പറയുമ്പോൾ തോമാശ്ലീഹാ മരിച്ചത് കലാമിനായിലാണ് എന്ന് ജെറോം എഴുതുന്നു. അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിച്ച രാജ്യ



ങ്ങളെ കുറിച്ച് എഴുതുമ്പോൾ ഒരിജനെയും അംബ്രോസിനെയും പോലെ ജെറോമും തോമസിനെ കുറിച്ചാണ് ആദ്യം എഴുതുന്നത്. തുടർന്നാണ് പത്രോസ് റോമിലും പൗലോസ് ഇല്ലിറിക്കിലും എന്ന് എഴുതുന്നത്. ഈ ലിസ്റ്റിൽ തോമസിനെ ആദ്യം വയ്ക്കാൻ കാരണം അദ്ദേഹം ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ സുവിശേഷം അറിയിച്ചതിനാലാണ്. അതുകൊണ്ട് സുവിശേഷപ്രഘോഷണത്തിന്റെ പേരിൽ ആണ് തോമസിന് ഒന്നാം സ്ഥാനം, അല്ലാതെ അപ്പസ്തോലന്മാരിൽ പ്രമുഖൻ എന്നോ കൂടുതൽ അധികാരം ഉള്ള ആളോ എന്ന നിലയിൽ അല്ല. തോമായുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായ അറിവുണ്ടായിരുന്നത് കൊണ്ടാണ് ഈ സഭാപിതാക്കന്മാർ (ഒരിജൻ, അംബ്രോസ്, ജെറോം, ഇസിദോർ) അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിച്ച കാര്യം എഴുതുമ്പോൾ ആദ്യം തോമസിനെ കുറിച്ച് പറയുന്നത്.

പന്തേനൂസിന്റെ ഇന്ത്യ സന്ദർശനത്തെക്കുറിച്ച് എഴുതുമ്പോൾ ജെറോം മറ്റൊരു അവസരത്തിൽ ഇന്ത്യയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. Epistola ad Paulinum ൽ ജെറോം ടിയാനയിലെ അപ്പോളിയോണിസിന്റെ ഇന്ത്യയിലേക്കുള്ള യാത്രയെക്കുറിച്ച് എഴുതുന്നു. അപ്പോളോണിയസ് ആദ്യം പേർഷ്യയിലെത്തി, തുടർന്ന് പർവതങ്ങൾ കടന്ന് ഇന്ത്യയിലെ ചില സമ്പന്നരാജ്യങ്ങൾ സന്ദർശിച്ച് ഗംഗാനദി കടന്നു ബ്രാഹ്മണരുടെ അടുത്തെത്തി. Epistola ad Dardanum എന്ന മറ്റൊരു കൃതിയിൽ പലസ്തീന, ഫിനീഷിയ, സിറിയ, ഓഷ്റോൻ, മെസപ്പൊട്ടോമിയ, പേർഷ്യ എന്നിവിടങ്ങൾ സന്ദർശിച്ച ശേഷം ഇന്ത്യയിൽ എത്തുന്ന ഒരു സഞ്ചാരിയെ കുറിച്ച് ജെറോം എഴുതുന്നു. Epistola ad Evangelium-ൽ അക്കാലത്ത് റോമാക്കാർ കുരുമുളക് കച്ചവടത്തിനായി ഇന്ത്യയിൽ എത്തിയിരുന്ന മുസീറിസ് എന്ന പട്ടണത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ■

# ലെയോണിയൻ യുഗപ്പിറവി!



**സ്നേഹം, ഐക്യം, സാഹോദര്യം എന്നീ വാക്കുകളിലൂന്നിയാണ് ലെയോ പാപ്പ കുർബാനയ്ക്കിടെ സന്ദേശം നല്കിയത്. വെറുപ്പും സംഘർഷവും മുറിവുകൾ സൃഷ്ടിക്കുന്ന കാലത്ത് സ്നേഹവും ഐക്യവും മുഖമുദ്രയാക്കി മുന്നേറണമെന്ന് പാപ്പ ഓർമിപ്പിച്ചു. കുർബാനയ്ക്കു ശേഷം പോപ്പ് മൊബീലിൽ സഞ്ചരിച്ച് വിശ്വാസികളെ ആശീർവദിച്ചു.**

വത്തിക്കാൻ സിറ്റി: ആഗോള കത്തോലിക്കാസഭയുടെ 267-ാമത് പരമാധ്യക്ഷനായി ലിയോ പതിനാലാമൻ പാപ്പ മെയ് 18ന് പ്രാദേശികസമയം രാവിലെ പത്തിന് (ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 1.30) സ്ഥാനമേറ്റതോടെ ലിയോ പതിനാലാമൻ പാപ്പായുടെ പൊന്തിഫിക്കേറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിക്കപ്പെടുകയായിരുന്നു. പൗരസ്ത്യസഭകളിൽനിന്നുള്ള പാത്രിയാർക്കീസുമാരാൽ അനുധാവനംചെയ്യപ്പെട്ടു വിശുദ്ധ പത്രോസിന്റെ കബറിടത്തിങ്കൽ പ്രാർഥിക്കുകയും ധൂപാർച്ചന നടത്തുകയും ചെയ്തതിനു ശേഷം സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ക്രമീകരിച്ച പ്രധാന ബലിവേദിയിലേക്ക് കർദിനാൾമാരുടെ അകമ്പടിയോടെയാണ് ലെയോ പതിനാലാമൻ എത്തിയത്. ആദ്യ മാർപാപ്പയായിരുന്ന ഗലീലിയിലെ മുക്കുവൻ വിശുദ്ധ പത്രോസിന്റെ പിൻഗാമിയാണ് എന്ന് ഓർമിപ്പിക്കുന്ന മുക്കുവന്റെ മോതിരവും (ഫിഷർമെൻസ് റിങ്) എന്റെ ആടുകളെ മേയിക്കുക എന്ന മിശിഹായുടെ ആഹ്വാനം ഭരമേല്പിക്കപ്പെടുന്നതിന്റെയും സാർവത്രികസഭയുടെ ഇടയൻ എന്ന സ്ഥാനത്തെ അനുസ്മരിപ്പിക്കുന്ന പാലിയവും പാപ്പ സ്വീകരിക്കുന്നതായിരുന്നു സ്ഥാനാരോഹണച്ചടങ്ങിന്റെ പ്രധാന ഭാഗം. മൂന്നു വിഭാഗങ്ങളിൽ നിന്നുള്ള (ബിഷപ്, പ്രീസ്റ്റ്, ഡീക്കൻ) കർദിനാൾമാരാണ് സ്ഥാനികചിഹ്നങ്ങളായ മുക്കുവന്റെ മോതിരവും പാലിയവും മാർപാപ്പയെ ധരിപ്പിക്കുന്ന ചടങ്ങുകൾക്ക് നേതൃത്വം നൽകിയത്.

ലത്തീൻ, ഗ്രീക്ക് ഭാഷകളിൽ സുവിശേഷവായന നടത്തി. കർദിനാൾ ഡൊമിനിക് മംബെർത്തി പാലീയവും ഏഷ്യയിൽ നിന്നുള്ള കർദിനാൾ ലൂയി അന്റോണിയോ ടാഗ്ലെ മുക്കുവന്റെ മോതിരവും പാപ്പയെ അണിയിച്ചു. ആഫ്രിക്കയിൽ നിന്നുള്ള കർദിനാൾ ഫ്രിദോലിൻ അംബോങ്ഗോ ബെസുംഗു പാപ്പയ്ക്കുവേണ്ടിയുള്ള പ്രാർഥന നടത്തി. പാലിയവും മോതിരവും സ്വീകരിച്ചശേഷം പാപ്പ ബൈബിൾ കയ്യിലെടുത്ത് വിശ്വാസികളെ ആശീർവദിച്ചു. വത്തിക്കാൻ ചത്വരം നിറഞ്ഞുകവിഞ്ഞ വിശ്വാസികളുടെ സമൂഹം കരഘോഷത്തിന്റെ അകമ്പടിയോടെ ആദ് മോൾത്തൂസ് ആഞ്ഞൂസ് എന്ന് പ്രത്യുത്തരിച്ചു. തുടർന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള പന്ത്രണ്ടുപേർ സാർവത്രിക സഭയെ മുഴുവൻ പ്രതിനിധാനം ചെയ്തുകൊണ്ട് പാപ്പയോടുള്ള വിധേയത്വം പ്രതീകാത്മകമായി പ്രഖ്യാപിച്ചു.

സ്നേഹം, ഐക്യം, സാഹോദര്യം എന്നീ വാക്കുകളിലൂന്നിയാണ് ലിയോ പാപ്പ കുർബാനയ്ക്കിടെ സന്ദേശം നല്കിയത്. വെറുപ്പും സംഘർഷവും മുറിവുകൾ സൃഷ്ടിക്കുന്ന കാലത്ത് സ്നേഹവും ഐക്യവും മുഖമുദ്രയാക്കി മുന്നേറണമെന്ന് പാപ്പ ഓർമിപ്പിച്ചു. കുർബാനയ്ക്കു ശേഷം പോപ്പ് മൊബീലിൽ സഞ്ചരിച്ച് വിശ്വാസികളെ ആശീർവദിച്ചു.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള രണ്ടുലക്ഷത്തിലധികം പേർ സ്ഥാനാരോഹണച്ചടങ്ങിൽ പങ്കെടുത്തു. യുഎസ് വൈസ് പ്രസിഡന്റ് ജെ. ഡി വാൻസ്, യുക്രെയ്ൻ പ്രസിഡന്റ് വ്‌ളോഡിമർ സെലെൻസ്‌ക്കി തുടങ്ങിയവരുൾപ്പടെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലോകനേതാക്കളും പങ്കെടുത്തു. ഇന്ത്യയിൽ നിന്നു രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംങ് സംഘത്തെ നയിച്ചു.

ചടങ്ങുകൾക്ക് ശേഷം ലിയോ പതിനാലാമൻ പപ്പാ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും എത്തിയ രാഷ്ട്രത്തലവന്മാർ, വിവിധ സഭാതലവന്മാർ ഇതര മതങ്ങളിലെ ആത്മീയനേതാക്കൾ എന്നിവരെ കാണുകയും നന്ദി അറിയിക്കുകയും ചെയ്തു.

# ചേരികളിലെ മനുഷ്യരുടെ മണമുള്ളൊരാൾ പത്രോസിന്റെ സിംഹാസനത്തിൽ



**വടക്കേ അമേരിക്കയിൽ നിന്നുള്ള അഗസ്തീനിയൻ സന്ന്യാസ സമൂഹത്തിൽ നിന്നുള്ള ആദ്യ മാർപാപ്പയാണ് ലെയോ പതിനാലാമൻ. ഫ്രഞ്ച് ഇറ്റാലിയൻ വംശജനും നാവികസേന ഉദ്യോഗസ്ഥനുമായ ലൂയിസ് മാരിയസ് പ്രേവോയുടെയും സ്പാനീഷ് വംശജയും ലൈബ്രേറിയനുമായ മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി 1955 സെപ്തംബർ 14-ന് ചിക്കാഗോയിലായിരുന്നു ജനനം.**

ഫ്രാൻസീസ് മാർപാപ്പയുടെ നിര്യാണത്തെ തുടർന്ന് നടന്ന കോൺക്ലേവിന്റെ രണ്ടാം ദിവസം മെയ് എട്ടാം തീയതിയാണ് യു.എസിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രിവോസ്റ്റ് സാർവത്രികസഭയിലെ 267-ാമത്തെ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടത്. 'അനുൺസ്യോ വോബിസ് ഗൗദിയും മാഞ്ഞും: ഹബേമൂസ് പാപ്പാം' നിങ്ങളോട് വലിയൊരു സന്തോഷവാർത്ത അറിയിക്കുന്നു: നമുക്ക് ഒരു പാപ്പായെ ലഭിച്ചിരിക്കുന്നു എന്ന ലോകം മുഴുവൻ കാത്തിരുന്ന വാർത്ത, കർദിനാൾ സംഘത്തിന്റെ പ്രോട്ടോ ഡീക്കൻ കർദിനാൾ ഡൊമിനിക് മമ്പെർത്തി റോമിനോടും ലോകം മുഴുവനോടും ലത്തീൻ ഭാഷയിലുള്ള നിയതരൂപത്തിൽ അറിയിച്ചു.

കർദിനാൾ റോബെർട്ട് ഫ്രാൻസിസ് പ്രെവൊസറ്റ്, ലെയോ പതിനാലാമൻ എന്ന പേര് ഔദ്യോഗികനാമമായി സ്വീകരിച്ചുവെന്നും ലത്തീൻ ഭാഷയിൽ കർദിനാൾ മമ്പെർത്തി അറിയിച്ചു. എട്ടാം തീയതി വ്യാഴാഴ്ച വൈകുന്നേരം സിസ്റ്റെൻ ചാപ്പലിൽനിന്ന് വെളുത്ത പുകയുയർന്നപ്പോൾ പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ട ആളെ കാണാനും പാപ്പാ ആദ്യമായി നൽകുന്ന 'ഉർബി എത് ഓർബി' നഗരത്തിനും ലോകത്തിനുമായുള്ള ആശീർവാദം സ്വീകരിക്കാനുമായി ഒരു ലക്ഷത്തിലധികം ആളുകളാണ് വിശുദ്ധ പത്രോസിന്റെ ചത്വരത്തിലും പുറത്തുമായി കാത്തുനിന്നിരുന്നത്.

റോമിന്റെ പുതിയ മെത്രാൻ പത്രോസിന്റെ പിൻഗാമി ലെയോ പതിനാലാമൻ പാപ്പാ സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ മട്ടുപ്പാവിലെത്തി പുഞ്ചിരിയോടെ ഏവരെയും അഭിവാദ്യം ചെയ്തു. നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ എന്നായിരുന്നു വിശ്വാസികളോടുള്ള പാപ്പായുടെ ആദ്യവാക്കുകൾ. ഉത്ഥിതനായ മിശിഹായുടെ സമാധാനം അക്രമരഹിതവും നിരായുധീകരിക്കുന്നതും എളിമയുള്ളതും സ്ഥിരോത്സാഹമുള്ളതുമാണ്. ഇത് നമ്മെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കുന്ന ദൈവത്തിൽനിന്നാണ് വരുന്നത്. ലെയോ പാപ്പാ പറഞ്ഞു.

ലോകത്തിന് മിശിഹായുടെ വെളിച്ചം ആവശ്യമാണ്. ദൈവവും അവന്റെ സ്നേഹവും എത്തിച്ചേരേണ്ട ഒരു പാലം പോലെ മാനവികതക്ക് മിശിഹായെ ആവശ്യമുണ്ട്. നിങ്ങൾ ഞങ്ങളെയും നിങ്ങൾ പരസ്പരവും, സംവാദങ്ങളിലൂടെയും കൂടിക്കാഴ്ചകളിലൂടെയും സമാധാനത്തിൽ ജീവിക്കുന്ന ഏകജനമായിരിക്കാനായി ഏവരും ഒന്നുചേർന്ന് പാലങ്ങൾ പണിയാൻ സഹായിക്കുക. ഞാൻ നിങ്ങൾക്കൊപ്പം ക്രിസ്ത്യാനിയും നിങ്ങൾക്കായി മെത്രാനുമാണ്' എന്നുപറഞ്ഞ വിശുദ്ധ അഗസ്റ്റിന്റെ ആത്മീയപുത്രനായ ഒരു അഗസ്തീനിയൻ സഭാംഗമാണ് ഞാൻ. ഈയൊരു ശൈലിയിൽ ദൈവം നമുക്കായി തയ്യാറാക്കിയിരിക്കുന്ന ആ രാജ്യത്തിലേക്ക് നമുക്കൊരുമിച്ച് നടക്കാം. മിഷനറിയായ സഭയാകാൻ, പാലങ്ങളും സംവാദങ്ങളും ഒരുക്കുന്ന സഭയാകാൻ ഈ ചത്വരം പോലെ തുറന്ന കരങ്ങളോടെ മറ്റുള്ളവരെ സ്വീകരിക്കാൻ നമുക്കൊരുമിച്ച് ശ്രമിക്കാം. നമ്മുടെ കാരുണ്യവും സാന്നിധ്യവും സംഭാഷണവും സ്നേഹവും ആവശ്യമുള്ള ഏവരെയും സ്വീകരിക്കാം. ലെയോ പതിനാലാമൻ പാപ്പാ കൂട്ടിച്ചേർത്തു.

സന്ദേശത്തിന്റെ അവസാനം പാപ്പാ നന്മ നിറഞ്ഞ മറിയമേ ഇറ്റാലിയൻ ഭാഷയിൽ ചൊല്ലി. പ്രാർഥനയ്ക്ക് ശേഷം കർദിനാൾ ഡൊമിനിക് മമ്പെർത്തി പാപ്പാ തന്റെ പ്രഥമ 'ഉർബി എത് ഓർബി' ആശീർവാദം നൽകാൻ പോകുന്നതിനെക്കുറിച്ച് പറയുകയും ഇത് നേരിട്ടും മാധ്യമങ്ങൾ വഴിയും സ്വീകരിച്ചും സഭ നിർദ്ദേശിക്കുന്ന വ്യവസ്ഥകളനുസരിച്ചും പൂർണദണ്ഡവിമോചനം നേടുന്നതിനുള്ള സാധ്യതയെക്കുറിച്ച് ഏവരെയും ഓർമിപ്പിക്കുകയും ചെയ്തു. തുടർന്ന് ലെയോ പതിനാലാമൻ പാപ്പാ ഏവർക്കും അപ്പസ്തോലിക ആശീർവാദം ഉർബി ഏത് ഓർബി നൽകി.

വടക്കേ അമേരിക്കയിൽ നിന്നുള്ള അഗസ്തീനിയൻ സന്ന്യാസ സമൂഹത്തിൽനിന്നുള്ള ആദ്യ മാർപാപ്പയാണ് ലെയോ പതിനാലാമൻ. ഫ്രഞ്ച് ഇറ്റാലിയൻ വംശജനും നാവികസേന ഉദ്യോഗസ്ഥനുമായ ലൂയിസ് മാരിയസ് പ്രേവോയുടെയും സ്പാനീഷ് വംശജയും ലൈബ്രേറിയനുമായ മിൽഡ്രഡ് മാർട്ടിനെസിന്റെയും മകനായി 1955 സെപ്തംബർ 14-ന് ചിക്കാഗോയിലായിരുന്നു ജനനം. ഇംഗ്ലീഷ്, സ്പാനീഷ്, ഇറ്റാലിയൻ, ഫ്രഞ്ച്, പോർച്ചുഗീസ് ഭാഷകളിൽ പരിജ്ഞാനമുള്ള അദ്ദേഹത്തിന് ലാറ്റിൻ, ജർമ്മൻ ഭാഷകളിലും അറിവുണ്ട്. 1982-ൽ പുരോഹിതനായി. 2015 മുതൽ 2023 വരെ പെറുവിലെ ചിക്ലായോയുടെ മെത്രാനായിരുന്നു. 2023ലാണ് കർദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. വത്തിക്കാനിലെ മെത്രാന്മാർക്കുവേണ്ടിയുള്ള ഡിക്കസ്റ്ററിയുടെ പ്രീഫെക്ട് ആയി സേവനം ചെയ്തുവരവെയാണ് പാപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടത്.

# ലെയോ പതിനാലാമൻ പാപ്പയ്ക്ക് പ്രാർഥനാനിർഭരമായ ആശംസകളുമായി സീറോമലബാർസഭ



റോമാസഭയുടെ മെത്രാനും പത്രോസിന്റെ പിൻഗാമിയുമായ ലെയോ പതിനാലാമൻ പാപ്പയ്ക്ക് സീറോമലബാർ സഭ മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രാർഥനാശംസകൾ നേർന്നു. ലെയോ പതിനാലാമൻ പാപ്പായുടെ പൊന്തിഫിക്കേറ്റിൽ വലിയ സന്തോഷവും പൗരസ്ത്യസഭകളുടെ തലവൻമാരിലൊരാൾ എന്ന നിലയിൽ വലിയ പ്രതീക്ഷയുമുണ്ടെന്നു മാർ റാഫേൽ തട്ടിൽ പറഞ്ഞു. പൗരസ്ത്യ സഭകളുമായി നടത്തിയ തന്റെ ആദ്യ കൂടിക്കാഴ്ചയിൽ മാർപാപ്പാ തന്റെ മുൻഗാമിയായ ലെയോ പതിമൂന്നാമൻ മാർപാപ്പായുടെ പൗരസ്ത്യസഭകളുടെ പാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള അതേആശയം ആവർത്തിച്ചത് പ്രേഷിതമേഖലകളിൽ പുതിയ സാധ്യതകൾ തുറന്നു കിട്ടാനായി കാത്തിരിക്കുന്ന സീറോമലബാർ സഭയ്ക്ക് വലിയ പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്.

സീറോമലബാർ സഭ ആഗോളസഭയായി വളർന്ന ഈ ഘട്ടത്തിൽ സാർവത്രിക സഭാതലവന്റെ തുറന്ന സമീപനം സീറോമലബാർ സഭയുടെ പാരമ്പര്യങ്ങൾ പരിരക്ഷിക്കപെടുന്നതിനും ആരാധനക്രമം പരികർമം ചെയ്യപ്പെടുന്നതിനും സഹായകമായിരിക്കും. മേജർ ആർച്ചുബിഷപ്പ് പറഞ്ഞു. സാർവത്രികസഭയുടെ പരമാചാര്യൻ എന്ന നിലയിൽ അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവഹിക്കപ്പെടുന്നതിനും ലോകത്തിന്റെ ധാർമിക മന:സാക്ഷിയും ആത്മീയതയുടെ അടയാളവുമായി ലെയോ പതിനാലാമൻ പാപ്പയ്ക്ക് നിലകൊള്ളാൻ സീറോമലബാർസഭയുടെ പ്രാർഥനകൾ അദ്ദേഹം ഉറപ്പുനൽകി.

## റോമിന്റെ മെത്രാൻസ്ഥാനം ലെയോ പതിനാലാമൻ പാപ്പാ ഏറ്റെടുത്തു

2025 മെയ് 18 ന് വി.പത്രോസിന്റെ പിൻഗാമിയായി തന്റെ പൊന്തിഫിക്കേറ്റ് ഔദ്യോഗികമായി ആരംഭിച്ച ലെയോ പതിനാലാമൻ മാർപാപ്പ മെയ് ഇരുപത്തഞ്ചിന് റോമാമെത്രാന്റെ സ്ഥാനിക ദൈവാലയവും കത്തീഡ്രലുമായ സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയിൽ കുർബാനയർപ്പിച്ചുകൊണ്ടു റോമ രൂപതയുടെ മെത്രാനെന്ന നിലയിൽ ശുശ്രൂഷയ്ക്ക് തുടക്കംകുറിച്ചു. റോമിലെ ചേലിയൻ കുന്നിലുള്ള സെന്റ് ജോൺ ലാറ്ററൺ ബസിലിക്ക, 'ഓമ്നിയം ഉർബിസ് ഏത് ഓർബിസ് എക്ലെസിയാറം മേത്തർ ഏത് കപ്പുത്' 'നഗരത്തിലെയും ലോകത്തിലെയും എല്ലാ പള്ളികളുടെയും അമ്മയും തലവനും' എന്നാണറിയപ്പെടുന്നത്. റോമാ രൂപതയുടെ കത്തീഡ്രൽ ബസിലിക്കയായ ലാറ്ററൻ ബസിലിക്കയോട് ചേർന്നായിരുന്നു അവിഞ്ഞോൺ പ്രവാസകാലം വരെ മാർപാപ്പാമാർ സാർവത്രികസഭയെ നയിച്ചിരുന്നത്.

എ.ഡി. 324ൽ ലാറ്ററൻ ബസിലിക്ക കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മേൽനോട്ടത്തിൽ നിർമിക്കപ്പെടുകയും പോപ്പ് സിൽവസ്റ്റർ ഒന്നാമൻ കൂദാശ ചെയ്ത് സമർപ്പിക്കുകയും ചെയ്തു. റോമിൽ നിർമിച്ച ആദ്യത്തെ ക്രിസ്ത്യൻ ബസിലിക്കയായിരുന്നു ഇത്. തുടക്കത്തിൽ രക്ഷകനായ ക്രിസ്തുവിന് സമർപ്പിച്ചുവെങ്കിലും പിന്നീട് രണ്ടുതവണ ബസിലിക്ക പുനഃസമർപ്പിക്കപ്പെട്ടു. ആദ്യം പത്താം നൂറ്റാണ്ടിൽ വിശുദ്ധ യോഹന്നാൻ സ്നാപകന്റെ പേരിലും 12-ാം നൂറ്റാണ്ടിൽ വിശുദ്ധ യോഹന്നാൻ സുവിശേഷകന്റെ പേരിലും. ഇപ്പോൾ ഈ ബസിലിക്കയുടെ മുഴുവൻ പേര് 'അതിവിശുദ്ധ രക്ഷകന്റെയും വിശുദ്ധരായ യോഹന്നാൻ സ്നാപകന്റെയും യോഹന്നാൻ സുവിശേഷകന്റെയും ബസിലിക്ക' എന്നാണ്.

മാർപാപ്പാമാർ റോമിന്റെ ആദ്യമെത്രാനായ വി പത്രോസിന്റെ പിൻഗാമികൾ എന്ന നിലയിലാണ് സാർവത്രികസഭയുടെ തലവനായി അവരോധിക്കപ്പെടുന്നത്. എന്നാൽ റോമാ രൂപതയുടെ ദൈനംദിന അജപാലനകാര്യങ്ങൾ നിർവഹിക്കുന്നത് പാപ്പായുടെ വികാരിയായി അറിയപ്പെടുന്ന മെത്രാൻ വഴിയാണ്. കർദിനാൾ ബാല്താസറെ റെയ്നയാണ് പാപ്പായുടെ ഇപ്പോഴത്തെ വികാരി.

വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും എണ്ണമറ്റ രക്തസാക്ഷികളുടെയും സാക്ഷ്യത്തിൽ വേരൂന്നിയ മഹത്തായ ചരിത്രത്തിന്റെ തുടർച്ചയാണ് റോമൻ സഭ എന്ന ആമുഖത്തോടെയാണ് ലെയോ പതിനാലാമൻ



പാപ്പാ റോമാ രൂപതയുടെ അധ്യക്ഷൻ എന്ന നിലയിലുള്ള സന്ദേശം ആരംഭിച്ചത്. ലോകത്തിലുള്ള എല്ലാ ദേവാലയങ്ങളുടെയും മാതൃദേവാലയം എന്ന സെന്റ് ജോൺ ലാറ്ററൻ ബസിലിക്കയുടെ അഭിദാനം സഭയുടെ മാതൃമാനത്തെക്കുറിച്ചു ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആർദ്രത, ത്യാഗം ചെയ്യാനുള്ള സന്നദ്ധത, ശ്രദ്ധിക്കാനുള്ള കഴിവ് എന്നിങ്ങനെയുള്ള മാതൃഭാവങ്ങൾ, ലോകമെമ്പാടുമുള്ള സഭകളിൽ പുലരണം; പാപ്പാ പറഞ്ഞു.

## ജനങ്ങളെയും ഭൂമിയെയും ദരിദ്രമാക്കുന്ന സമ്പദ്വ്യവസ്ഥയോട് നോ പറയാൻ ഓരോ മതത്തിനും കടമയുണ്ട്: ലെയോ പതിനാലാമൻ പാപ്പ

വത്തിക്കാൻ സിറ്റി: ജനങ്ങളെയും ഭൂമിയെയും ദരിദ്രമാക്കുന്ന സമ്പദ്വ്യവസ്ഥയോട് നോ പറയാൻ ഓരോ മതത്തിനും കടമയുണ്ടെന്ന് ലെയോ പതിനാലാമൻ പാപ്പ. സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിക്കുന്നതിനും കത്തോലിക്കാസഭയോടുള്ള സ്നേഹപൂർണമായ സഹകരണം ഉറപ്പുവരുത്തുന്നതിനും റോമിൽ എത്തിച്ചേർന്ന വിവിധ മതങ്ങളുടെ പ്രതിനിധികളായ ആത്മീയനേതാക്കന്മാരോടു സംസാരിക്കുകയായിരുന്നു പാപ്പ. സാർവത്രിക സാഹോദര്യത്തെ എപ്പോഴും കേന്ദ്രസന്ദേശമാക്കിയ ഫ്രാൻസിസ് പാപ്പായും വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ മുതൽ തുടർന്നുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും സ്വീകരിച്ചിട്ടുള്ള മതസൗഹാർദ്ദ സംഭാഷണങ്ങൾ മുൻപോട്ടു കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പാപ്പ പറഞ്ഞു. ദൈവത്തിനും അവിടുത്തെ ഇഷ്ടത്തിനും വേണ്ടിയുള്ള അന്വേഷണത്തിൽ പങ്കുചേരുന്ന മറ്റ് മതപാരമ്പര്യങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ പാപ്പ സന്തുഷ്ടി പ്രകടിപ്പിച്ചു. മാനുഷികസാഹോദര്യത്തിന്റെ ചൈതന്യത്തിൽ ചർച്ചകൾക്കും പാലങ്ങൾ പണിയുന്നതിനുമുള്ള സമയമാണ് ഇത്. പരസ്പര അറിവും ബഹുമാനവും പ്രോത്സാഹിപ്പിക്കുന്ന യഹൂദമതവുമായി ക്രിസ്ത്യാനികൾ ദൈവശാസ്ത്രപരമായ സംഭാഷണം നടത്തേണ്ടത് ഏറെ പ്രധാനപ്പെട്ടതാണ്. പൊതുവായ ആത്മീയപിതൃത്വത്തിന്റെ മഹത്വം മാനവിക നന്മയോടുള്ള പ്രതിബദ്ധത നമ്മുടെ പൊതുഭവനം സംരക്ഷിക്കൽ എന്നിവയ്ക്ക് ഓരോ മതസമൂഹവും നൽകേണ്ടുന്ന സംഭാവനകൾ, യുദ്ധങ്ങൾക്കെതിരായി നടത്തേണ്ടുന്ന പോരാട്ടത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പാപ്പ എടുത്തുപറഞ്ഞു.



# വീണ്ടും ജനനമോ മുകളിൽ നിന്നുള്ള ജനനമോ?

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ആന്റണി വടക്കേകര വി.സി.

**⌘ യേശു പറഞ്ഞു: 'സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു; വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവനു ദൈവരാജ്യം കാണാൻ കഴിയുകയില്ല' (യോഹന്നാൻ 3:3).**



നിക്കൊദേമോസും യേശുവും തമ്മിലുള്ള സംഭാഷണത്തിന്റെ തുടക്കത്തിൽ യേശു അയാളോടു പറയുന്ന ഈ വചനം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള ഒന്നാണ്. നിക്കൊദേമോസുതന്നെ യേശുവിന്റെ വാക്കുകൾ ശരിയായ അർത്ഥത്തിലല്ല മനസ്സിലാക്കിയതെന്ന് അദ്ദേഹത്തിന്റെ മറുപടിയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. 'പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവന് ജനിക്കാൻ കഴിയുമോ?' (യോഹ. 3:4). താൻ ഉദ്ദേശിച്ച ജനനം അതല്ലെന്ന് യേശു തുടർന്ന് വ്യക്തമാക്കുന്നു (യോഹ. 3:58).

യോഹന്നാന്റെ സുവിശേഷത്തിലെ പ്രത്യേകതകളിലൊന്നാണ് യേശു പറയുന്ന കാര്യങ്ങൾ ശ്രോതാക്കൾ തെറ്റിദ്ധരിച്ച് മനസ്സിലാക്കുന്നതും തുടർന്ന് യേശു അവരെ തിരുത്തി ശരിയായ അർത്ഥം ഗ്രഹിക്കുവാൻ സഹായിക്കുന്നതും. ഇതിന് നിരവധി ഉദാഹരണങ്ങൾ സുവിശേഷത്തിലുണ്ട് (യോഹ. 3:3-5; 4:7-15; 7:33-36; 8:21-30). നിക്കോദേമൂസിനോട് സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ വീണ്ടും ജനിക്കണമെന്ന് യേശു പറഞ്ഞത് അയാൾ തെറ്റിദ്ധരിച്ചാണ് മനസ്സിലാക്കുന്നത്. അതിനുകാരണം യേശുവിന്റെ പ്രസ്താവനയിൽ ഉപയോഗിച്ച 'അനോത്തെൻ' (anothen) എന്ന് ഗ്രീക്ക് വാക്കാണ്. ഈ വാക്കിന് പ്രധാനമായി രണ്ട് അർഥമാണുള്ളത്. 1. വീണ്ടും (again); 2. മുകളിൽ നിന്ന് (from above). നിക്കൊദേമോസ് ആദ്യത്തെ അർഥത്തിലാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് അയാൾ ചോദിക്കുന്നത് 'പ്രായമായ മനുഷ്യന് ഇത് എങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവന് ജനിക്കാൻ സാധിക്കുമോ?' എന്ന്. അതിനു മറുപടിയായി യേശു പറയുന്ന വചനം താൻ ഉദ്ദേശിച്ചത് രണ്ടാമത്തെ അർത്ഥത്തിലാണെന്ന് (മുകളിൽ നിന്നുള്ള ജനനം) വ്യക്തമാക്കുന്നു (യോഹ. 3:5). വി. യോഹന്നാന്റെ സുവിശേഷത്തിൽ 'അനോത്തെൻ' എന്ന വാക്ക് അഞ്ചു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (യോഹ. 3:3,7,31; 19:11,23). ഇതിൽ അവസാനത്തെ മൂന്ന് സന്ദർഭങ്ങളിലും 'മുകളിൽ നിന്ന്' എന്ന അർഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്നത് തർക്കമില്ലാത്ത സംഗതിയാണ്.

ഇവയിൽ ആദ്യത്തെ രണ്ടെണ്ണം (3:31; 19:11) സ്വർഗത്തിൽനിന്ന് (ദൈവത്തിൽനിന്ന്) എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അവസാനത്തേതാകട്ടെ 'മുകളിൽനിന്ന്' എന്ന സാധാരണ അർഥത്തിലും. യോഹ. 3:3ലും 3:7ലും ഏത് അർഥത്തിലാണ് ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. നിക്കൊദേമൂസിന്റെ മറുപടിയിൽ അയാൾ മനസ്സിലാക്കിയത് 'വീണ്ടും' എന്ന അർഥത്തിലാണെന്നു വ്യക്തമാണല്ലോ (യോഹ. 3:4). യേശു അയാളുടെ തെറ്റിദ്ധാരണ മാറ്റിക്കൊണ്ട് നൽകുന്ന മറുപടിയിൽ നിന്ന് 'വീണ്ടും' ജനനമല്ല, മറിച്ച് 'ഉന്നതങ്ങളിൽ നിന്നുള്ള' ജനനമാണ് ഉദ്ദേശിച്ചതെന്നു വ്യക്തം. 'സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല' (യോഹ. 3:5). 'ജലത്താലും ആത്മാവിനാലുമുള്ള ജനനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആധ്യാത്മിക ജനനമാണ്. യോഹ. 3:3ൽ യേശു ഉദ്ദേശിച്ച 'മുകളിൽ നിന്നുള്ള' ജനനം സംഭവിക്കുന്നത് 'ജലത്താലും ആത്മാവി'നാലുമാണ് എന്ന് യോഹ. 3:5 വെളിപ്പെടുത്തുന്നു. എന്താണ് 'ജലത്താലും ആത്മാവിനാലു'മുള്ള ജനനം? പഴയനിയമത്തിൽ 'ജലവും ആത്മാവും' ഒരുമിച്ച് പരാമർശിക്കപ്പെടുന്നത് ഏശയ്യ 44:35ലും, എസക്കിയേൽ 36:25-27ലുമാണ്. ഈ രണ്ടു പഴയനിയമഭാഗങ്ങളും 'ജല'ത്തെയും 'ആത്മാവിനേ'യും ഒരുമിച്ച് പരാമർശിക്കുന്നത് പുതിയ ഉടമ്പടിയുമായി ബന്ധപ്പെടുത്തിയാണ്, ഇസ്രായേലിന്റെ പുതിയ ജനനവുമായി (നവീകരണവുമായി) ബന്ധപ്പെടുത്തിയാണ്. ഈ നവീകരണം സംഭവിക്കുന്നത് ഉന്നതങ്ങളിൽ നിന്നുള്ള (ദൈവത്തിൽ നിന്നുള്ള) ഇടപെടൽ വഴിയാണ്. യോഹ. 3:5-ൽ പരാമർശിക്കുന്ന ജലത്താലും ആത്മാവിനാലുമുള്ള ജനനവും സംഭവിക്കുന്നത് ഉന്നതങ്ങളിൽ നിന്നാണ്, ദൈവാരൂപിയുടെ പ്രവർത്തനം മൂലമാണ്.

യേശു ഉദ്ദേശിച്ച 'ഉന്നതങ്ങളിൽ നിന്നുള്ള ജനനം' സംഭവിക്കുന്നത് മാമ്മോദീസ എന്ന കൂദാശയിലൂടെയാണ്. ഈ കൂദാശയിൽ ജലം കൊണ്ടുള്ള സ്നാനം പുതിയ ജന്മത്തെ സൂചിപ്പിക്കുന്നതും നല്കുന്നതുമായ അടയാളമായി നിലകൊള്ളുന്നു. യോഹ. 3:68-ൽ 'ഉന്നതങ്ങളിൽ നിന്നുള്ള' ജനനത്തെക്കുറിച്ച് വിശദീകരിക്കുമ്പോൾ 'ജല'ത്തെക്കുറിച്ച് പരാമർശിക്കുന്നില്ല എന്നത് ശ്രദ്ധേയമാണ്. 'മാംസത്തിൽ നിന്ന് ജനിക്കുന്നത് മാംസമാണ്; ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവും. നിങ്ങൾ വീണ്ടും ജനിക്കണം എന്ന് ഞാൻ പറഞ്ഞതുകൊണ്ട് നീ വിസ്മയിക്കേണ്ടാ. കാറ്റ് അതിനിഷ്ടമുള്ളിടത്തേക്ക് വീശുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെ നിന്നു വരുന്നെന്നോ, എവിടേക്ക് പോകുന്നുവെന്നോ നീ അറിയുന്നില്ല. ഇതുപോലെയാണ് ആത്മാവിൽ നിന്ന് ജനിക്കുന്ന ഏവനും.' ഉന്നതത്തിൽ നിന്നുള്ള ജനനം ദൈവത്തിന്റെ അരൂപിയുടെ പ്രവർത്തനഫലമാണെന്ന കാര്യത്തിന് ഊന്നൽ കൊടുക്കുകയാണിവിടെ. യഹൂദരുടെ വിശ്വാസവും ചിന്താഗതിയുമനുസരിച്ച് യുഗാന്ത്യത്തിൽ ആന്തരികമായ നവീകരണം സംഭവിക്കുന്നത് പരിശുദ്ധാരൂപിയുടെ പ്രവർത്തനംകൊണ്ടാണെന്നത് (എസക്കി. 11:19; 36:25-31; ഏശ. 44:3; ജെറ. 31:33) ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ, യോഹ. 3:3ൽ 'വീണ്ടും ജനിക്കണം' എന്ന് യേശു പറയുമ്പോൾ അർഥമാക്കുന്നത് 'മുകളിൽ നിന്നുള്ള' ജനനമാണ്. ഈ ജനനം അരൂപിയാലുള്ള ജനനമാണ്. ഇത് സംഭവിക്കുന്നതാകട്ടെ മാമ്മോദീസ എന്ന കൂദാശവഴിയും. ജഡത്തിൽ നിന്നു ജനിച്ചവർ ആത്മാവിൽ നിന്നു ജനിച്ചവരായി മാറുകയും തന്മൂലം 'ദൈവമക്കൾ' എന്ന പദവിയിലേക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നു (യോഹ. 1:12-13; റോമ. 8:12-17). ■

# മാർപാപ്പയുടെ പദവികളും അധികാരങ്ങളും

CANON LAW

ഫാ. മാത്യു ശൗര്യാംകുഴി

**⌘ മാർപാപ്പയുടെ ഔദ്യോഗിക കർത്തവ്യനിർവഹണത്തിൽ അദ്ദേഹത്തെ സഹായിക്കാനുള്ള സംവിധാനങ്ങളാണ് മെത്രാൻമാരുടെ സിനഡ്, കർദിനാൾമാർ, റോമൻ കൂരിയ, പാപ്പായുടെ സ്ഥാനപതിമാർ. ഇവരെക്കൂടാതെ മറ്റു വ്യക്തികളും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള സ്ഥാനപതികളും മാർപാപ്പയെ സഹായിക്കുന്നു.**

കത്തോലിക്കസഭയുടെ പുതിയ ഇടയനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പ സ്ഥാനമേറ്റിരിക്കുന്ന ഈ സാഹചര്യത്തിൽ റോമാ മാർപാപ്പയുടെ പദവികളെക്കുറിച്ചും അദ്ദേഹത്തിന്റെ അധികാരങ്ങളെക്കുറിച്ചും പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാനൻനിയമം എന്താണ് പറയുന്നത് എന്ന് മനസിലാക്കാം. 43 മുതൽ 48 വരെയുള്ള കാനോനകളിലാണ് പ്രധാനമായും ഇക്കാര്യങ്ങൾ പ്രത്യേകമായി പരാമർശിച്ചിരിക്കുന്നത്.

ശ്ലീഹന്മാരിൽ ഒന്നാമനായ പത്രോസിന് കർത്താവ് പ്രത്യേകമായ വിധത്തിൽ നൽകിയതും പിൻഗാമികൾക്ക് കൈമാറേണ്ടതുമായ പ്രത്യേക ദൗത്യം കൈയാളുന്ന പത്രോസിന്റെ പിൻഗാമിയാണ് മാർപാപ്പ. കർദിനാൾ സംഘമാണ് മാർപാപ്പയെ തിരഞ്ഞെടുക്കുന്നത്. നിയമാനുസൃതം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി മെത്രാൻ പദവിയിൽ ഉള്ളയാളാണെങ്കിൽ ആ തെരഞ്ഞെടുപ്പ് അദ്ദേഹം അംഗീകരിക്കുന്നത് മുതൽ അദ്ദേഹത്തിന് മാർപാപ്പയുടേതായ അധികാരങ്ങൾ ലഭിക്കുന്നു. എന്നാൽ മെത്രാൻ പദവി ഇല്ലാത്ത ആളാണ് എങ്കിൽ മെത്രാഭിഷേകത്തോടെയാണ് അധികാരങ്ങൾ ലഭിക്കുന്നത് (c. 44).

മാർപാപ്പ, പോപ്പ് തുടങ്ങിയ പദങ്ങൾ കാനൻ നിയമത്തിൽ ഉപയോഗിക്കുന്നില്ല. ആദിമസഭയിൽ എല്ലാം മെത്രാന്മാരെയും 'വാത്സല്യമുള്ള പിതാവ്' എന്നർഥം വരുന്ന പോപ്പ് എന്ന് വിളിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. പൗരസ്ത്യ കാനൻ നിയമത്തിൽ മാർപാപ്പയെ സൂചിപ്പിക്കാൻ വേണ്ടി ഉപയോഗിക്കുന്ന പദം 'റോമൻ പോന്തിഫ്' (Roman Pontiff) എന്നതാണ്. മാർപാപ്പയെ സൂചിപ്പിക്കാൻ വേണ്ടി Supreme Pontiff, Primate of Italy, Soverign of the State of Vatican Ctiy, Servant of the Servants of God തുടങ്ങിയ പദങ്ങളും ഉപയോഗിച്ച് കാണാറുണ്ട്.

കാനോന 43 അനുസരിച്ച് മാർപാപ്പ റോമാസഭയുടെ മെത്രാനും മെത്രാൻ സംഘത്തിന്റെ തലവനും ക്രിസ്തുവിന്റെ വികാരിയും സാർവത്രിക സഭയുടെ അജപാലകനും ആണ്. എല്ലാം മെത്രാന്മാരും അവർക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന രൂപതയിൽ ക്രിസ്തുവിന്റെ വികാരിമാരും സ്ഥാനപതികളുമാണ്. എന്നാൽ മാർപാപ്പ റോമാ രൂപതയിൽ മാത്രമല്ല സാർവത്രിക സഭ മുഴുവനിലും ക്രിസ്തുവിന്റെ വികാരിയും സ്ഥാനപതിയും എന്ന നിലയിൽ തന്റെ അജപാലനശുശ്രൂഷ നിർവഹിക്കുന്നു. മെത്രാൻ സംഘത്തിന്റെ തലവനാണ് മാർപാപ്പ. മാർപാപ്പയെ കൂടാതെ മെത്രാൻ സംഘത്തിന് ഒരു അധികാരവും ഇല്ല. തലവനോട് ചേർന്ന് സാർവത്രിക സഭയുടെ മേൽ പൂർണമായ അധികാരം മെത്രാൻ സംഘത്തിന് ഉണ്ട്. മെത്രാൻ സംഘം മാർപാപ്പയോടൊത്ത് സാർവത്രിക സൂനഹദോസിലോ, അവരവരുടെ സ്ഥലങ്ങളിൽ ആയിരുന്നുകൊണ്ട് മെത്രാൻ സംഘത്തോടുള്ള കൂട്ടായ്മയിലോ സഭാനന്മയ്ക്കായി പ്രവർത്തിക്കുമ്പോഴും പഠിപ്പിക്കുമ്പോഴും ഈ പരമാധികാരം വിനിയോഗിക്കപ്പെടുന്നു (c. 50).

കാനോന 43, 45 എന്നിവ മാർപാപ്പയുടെ അധികാരത്തിന്റെ സ്വഭാവം കൂടി വ്യക്തമാക്കുന്നു. മാർപാപ്പയുടെ അധികാരം പരമോന്നതമാണ് (supreme), സമ്പൂർണ്ണമാണ് (full), നേരിട്ടുള്ളതാണ് (immediate), സാർവത്രികമാണ് (universal), ഉദ്യോഗസഹജമാണ് (ordinary), സ്വതന്ത്രമായി വിനിയോഗിക്കാവുന്നതാണ് (freely exercised). പരമോന്നത അധികാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കത്തോലിക്കാ സഭയിൽ മാർപാപ്പയുടെ അധികാരത്തിനു മുകളിൽ മറ്റൊരു അധികാരി ഇല്ല എന്നാണ്. മാർപാപ്പയെ ആർക്കും വിധിക്കാനോ മാർപാപ്പയുടെ വിധിക്കോ തീരുമാനത്തിനോ എതിരെ അപ്പീൽ നൽകാനോ സാധ്യമല്ല. സമ്പൂർണ്ണ അധികാരം എന്നാൽ മാർപാപ്പയുടെ അധികാരത്തെ പരിമിതപ്പെടുത്തുന്ന ഒന്നും ഇല്ല എന്ന് ഉദ്ദേശിക്കുന്നു. മാർപാപ്പയുടെ അധികാരം ഇടനിലക്കാരില്ലാതെ വിനിയോഗിക്കാവുന്നതാണ്, അതുകൊണ്ട് ഏതൊരു ക്രിസ്തീയ വിശ്വാസിക്കും എപ്പോൾ വേണമെങ്കിലും മാർപാപ്പയെ സമീപിക്കാനുള്ള അവകാശം ഉണ്ട്. സഭ മുഴുവനിലും അതിലെ എല്ലാ കാര്യങ്ങളിലും മാർപാപ്പയ്ക്ക് അധികാരമുണ്ട്. എല്ലാ രൂപതകളുടെയും അതിരൂപതകളുടെയും അജപാലകരുടെയും വിശ്വാസികളുടെയും കാര്യത്തിലും വസ്തുവകകളുടെ മേലും മാർപാപ്പയ്ക്ക് അധികാരമുണ്ട്. ഈ അധികാരങ്ങൾ ഒക്കെ തന്റെ ഔദ്യോഗിക പദവിയിൽ (munus) നിന്ന് ലഭിക്കുന്നതാണ്. തന്റെ അധികാരം മാർപാപ്പയ്ക്ക് സ്വതന്ത്രമായി വിനിയോഗിക്കാവുന്നതാണ്. സഭാപരമായോ രാഷ്ട്രീയപരമായോ മറ്റാരെയും ആശ്രയിക്കേണ്ടതോ ആലോചിച്ച് സമ്മതം നേടേണ്ടതോ ഇല്ല.

മാർപാപ്പയുടെ ഔദ്യോഗിക കർത്തവ്യനിർവഹണത്തിൽ അദ്ദേഹത്തെ സഹായിക്കാനുള്ള സംവിധാനങ്ങളാണ് മെത്രാൻമാരുടെ സിനഡ്, കർദിനാൾമാർ, റോമൻ കൂരിയ, പാപ്പായുടെ സ്ഥാനപതിമാർ. ഇവരെക്കൂടാതെ മറ്റു വ്യക്തികളും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചുള്ള സ്ഥാനപതികളും മാർപാപ്പയെ സഹായിക്കുന്നു. കാനൻനിയമത്തിൽ ശ്ലൈഹികസിംഹാസനം, പരിശുദ്ധ സിംഹാസനം എന്നീ പദങ്ങൾ കൊണ്ട് മാർപാപ്പയെ മാത്രമല്ല റോമൻ കൂരിയായിലെ വിവിധ ഡിക്കാസ്റ്ററികളെയും ഉദ്ദേശിക്കുന്നുണ്ട്. ഉദാഹരണമായി, ഏതെങ്കിലും കാര്യത്തിന് ശ്ലൈഹികസിംഹാസനത്തിന്റെ അനുവാദം ആവശ്യമുണ്ട് എന്ന് പറഞ്ഞാൽ, പ്രസ്തുത കാര്യവുമായി ബന്ധപ്പെട്ട ഡിക്കാസ്റ്ററിയിൽ നിന്നുള്ള അനുവാദം മതി. മാർപാപ്പയ്ക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ഒഴികെയുള്ളവയ്ക്ക് മാർപാപ്പ വ്യക്തിപരമായി അനുവാദം തരേണ്ട ആവശ്യമില്ല. പൗരസ്ത്യ കാനൻനിയമത്തിൽ 'പരിശുദ്ധ സിംഹാസനം' എന്ന വാക്ക് രണ്ടു പ്രാവശ്യം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ഒന്ന് ആ വാക്കിന്റെ വ്യാഖ്യാനത്തിലും (c. 48) മറ്റൊന്ന് സഭയും മറ്റ് രാഷ്ട്രങ്ങളുമായിട്ടുള്ള ബന്ധത്തെയും ധാരണകളെയും കുറിച്ച് പറയുന്നിടത്തും (c. 4). സഭാപരമായിട്ടുള്ള എല്ലാ കാര്യങ്ങളിലും ശ്ലൈഹിക സിംഹാസനം എന്ന വാക്കാണ് CCEOയിൽ ഉപയോഗിച്ചിട്ടുള്ളത്. ■

# സ്കിസോഫ്രീനിയ : യാഥാർഥ്യങ്ങൾ

മെന്റൽ ഹെൽത്ത് കോർണർ

**റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ**

മാനസികരോഗങ്ങളിൽ ഗൗരവസ്വഭാവമുള്ള വിഭാഗമാണ് മനോവിഭ്രാന്തി രോഗങ്ങൾ (Psychosis). തനിക്ക് രോഗമുണ്ടെന്നുള്ള തിരിച്ചറിവ് രോഗിക്ക് ഇല്ലാത്ത രോഗങ്ങളാണിവ. ഏറ്റവും പ്രധാനപ്പെട്ട മനോവിഭ്രാന്തി രോഗമാണ് 'മനോവിഘടനം' അഥവാ സ്കിസോഫ്രീനിയ. ഇരുപതിനും മുപ്പതിനും ഇടയ്ക്ക് വയസുള്ള യുവതിയുവാക്കളാണ് ഭാവിയെ ഗുരുതരമായി തകരാറിലാക്കുന്ന ഈ രോഗത്തിന് ഇരയാകുന്നത്. ഒരു വ്യക്തിയുടെ ചിന്തകളെയും വികാരങ്ങളെയും പെരുമാറ്റങ്ങളെയും പ്രവർത്തനശേഷിയെയും ബാധിക്കുന്ന മാനസികരോഗമാണിത്. ജനസംഖ്യയുടെ ഒരു ശതമാനം വ്യക്തികൾക്ക് സ്കിസോഫ്രീനിയ രോഗം ഉള്ളതായി കണക്കാക്കുന്നു. സാധാരണയായി യൗവനാരംഭത്തിൽ തന്നെ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെയാണ് ഈ രോഗം കണ്ടുവരുന്നത്.

## ലക്ഷണങ്ങൾ

അധികലക്ഷണങ്ങൾ (Positive Symptoms) അതുപോലെ ന്യൂനലക്ഷണങ്ങൾ (Negative Symptoms) എന്നങ്ങനെ കാണുന്നു. മിഥ്യാനുഭവങ്ങൾ (Hallucinations), മിഥ്യാവിശ്വാസങ്ങൾ (Delusions), ചിന്താവൈകല്യങ്ങൾ പരസ്പരബന്ധമില്ലാത്ത സംസാരം, വ്യക്തിശുചിത്വത്തിലുള്ള ശ്രദ്ധക്കുറവ് എന്നീ അധിക ലക്ഷണങ്ങൾ കാണിക്കുന്നു. കൂടാതെ ശ്രദ്ധക്കുറവ്, ഒന്നും ചെയ്യാൻ താല്പര്യമില്ലായ്മ, നിർവികാരത, തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടൽ തുടങ്ങിയ ന്യൂനലക്ഷണങ്ങളും കാണിക്കുന്നു. തുടർച്ചയായ ഇത്തരം ലക്ഷണങ്ങൾ ആറ് മാസത്തിലധികമായി നിലനിൽക്കുന്നുണ്ടെങ്കിൽ സ്കിസോഫ്രീനിയ രോഗനിർണ്ണയം നടത്തണം.



**ഒരു കാരണം കൊണ്ട് മാത്രമായി സ്കിസോഫ്രീനിയ ഉണ്ടാകുന്നതായി ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. രണ്ട് സുപ്രധാന ഘടകങ്ങൾ ഒരുമിക്കുമ്പോൾ രോഗം വരുവാനുള്ള സാധ്യത വർദ്ധിക്കുന്നതായി ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഒന്ന് പാരമ്പര്യഘടകങ്ങളായ ജീനുകളും മറ്റേത് പാരിസ്ഥിതിക ഘടകങ്ങളുമാണ്.**

## കാരണങ്ങൾ

ഒരു കാരണം കൊണ്ട് മാത്രമായി സ്കിസോഫ്രീനിയ ഉണ്ടാകുന്നതായി ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. രണ്ട് സുപ്രധാന ഘടകങ്ങൾ ഒരുമിക്കുമ്പോൾ രോഗം വരുവാനുള്ള സാധ്യത വർദ്ധിക്കുന്നതായി ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. അതിൽ ഒന്ന് പാരമ്പര്യ ഘടകങ്ങളായ ജീനുകളും മറ്റേത് പാരിസ്ഥിതിക ഘടകങ്ങളുമാണ്. ഒരു സവിശേഷ ജീനിന്റെ തകരാറുകൊണ്ടുമാത്രം ഇത്തരം രോഗം ഉണ്ടാകുന്നില്ല. എന്നാൽ ഏതാനും ജീനുകളുടെ വൈകല്യം സ്കീസോഫ്രീനിയയുടെ സാധ്യത വർദ്ധിപ്പിക്കുന്നു. ഇത്തരം ജീനുകളുടെ വൈകല്യങ്ങൾ മസ്തിഷകത്തിലെ നാഡീകോശങ്ങളുടെ സർക്യൂട്ടിനെയും തൽഫലമായി ചിന്തകളെയും സാരമായി ബാധിക്കുന്നു. മസ്തിഷ്കത്തിലെ ചില രാസപദാർത്ഥങ്ങളുടെ ഡോപമീൻ പോലുള്ളവയുടെ അസന്തുലിതാവസ്ഥയ്ക്കും ഈ ജനിതക വൈകല്യങ്ങൾ കാരണമാകുന്നു. മിഥ്യാധാരണകൾക്കും (Delusion) മിഥ്യാശ്രവണങ്ങൾക്കും (Hallucination) പുറകിൽ ഡോപമീൻ എന്ന പദാർത്ഥത്തിന്റെ പങ്ക് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഘടകങ്ങൾ അമ്പത് ശതമാനം കാരണം മാത്രമേ ആകുന്നുള്ളൂ. മറ്റ് അമ്പത് ശതമാനം കാരണം പാരിസ്ഥിതിക ഘടകങ്ങളാണ്. ജീവിതത്തിൽ ആദ്യകാല ഘട്ടങ്ങളിലുണ്ടാകുന്ന ആഘാതങ്ങൾ സ്കിസോഫ്രീനിയയുടെ സാധ്യത വർദ്ധിപ്പിക്കുന്നു. പ്രത്യേകിച്ച് കുട്ടിക്കാല ജീവിത ആഘാതങ്ങൾ അനുഭവിക്കേണ്ടിവന്നവർക്ക് സാധ്യത ഇരട്ടിയാണ്.

## ചികിത്സാപദ്ധതികൾ

സ്കിസോഫ്രീനിയ പൂർണമായും ഭേദമാക്കാനുള്ള ഔഷധമോ ചികിത്സയോ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. എന്നാൽ രോഗത്തിന്റെ ലക്ഷണങ്ങളെ ചികിത്സിച്ച് ഇല്ലാതാക്കുന്നതിലൂടെ രോഗികളുടെ ജീവിതഗുണനിലവാരം വർദ്ധിപ്പിക്കാൻ സാധിക്കും. ചികിത്സയ്ക്ക് ഉപയോഗിക്കുന്ന സുരക്ഷിതമായ ആന്റിസൈക്കോട്ടിക്ക് മരുന്നുകൾ ഇന്ന് ലഭ്യമാണ്. ഈ ചികിത്സകൾ ദീർഘകാലം മനോരോഗവിദഗ്ധന്റെ കീഴിൽ നടത്തേണ്ടതാണ്. ചികിത്സാപദ്ധതിയുടെ ഭാഗമായി രോഗം വർദ്ധിക്കാതെ നിലനിർത്തുന്ന രോഗിയുടെ കുടുംബാന്തരീക്ഷം വളരെ പ്രധാനപ്പെട്ടതാണ്. മനോരോഗങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയമായ അറിവുകളിലൂടെ സമൂഹം തെറ്റായ ചിന്താനിലകൾ (Social Stigma) മാറ്റിയെടുക്കുകയും ഇത്തരം രോഗികളെ കാരുണ്യപൂർവ്വം ഉൾക്കൊള്ളുകയും അവരെകൂടെ സമൂഹത്തിന്റെ ഭാഗമാക്കുകയും ചെയ്യേണ്ടത് ചികിത്സാപുനരധിവാസ പദ്ധതിയിൽ പ്രധാനപ്പെട്ടതാണ്. ■



# സീറോമലബാർസഭാ കാര്യാലയത്തിൽ പുതിയ നിയമനങ്ങൾ


ഫാ. ടോം ഓലിക്കരോട്ട്


ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ


ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ


ഫാ. ജോസഫ് കല്ലറക്കൽ

കാക്കനാട്: സീറോമലബാർ സഭയുടെ പി.ആർ.ഒ ആയും മീഡിയ കമ്മീഷൻ, ക്ലെർജി കമ്മീഷൻ സെക്രട്ടറിയായും തലശേരി അതിരൂപതാംഗമായ ഫാ. ടോം ഓലിക്കരോട്ടും ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി കമ്മിറ്റി സെക്രട്ടറിയുമായും പാലക്കാട് രൂപതാംഗമായ ഫാ. ജോബിൻ കാഞ്ഞിരത്തിങ്കലും സീറോമലബാർസഭയുടെ വിശ്വാസപരിശീലന കമ്മീഷന്റെ പുതിയ സെക്രട്ടറിയായി ചങ്ങനാശേരി അതിരൂപതാംഗമായ ഫാ. ആൻഡ്രൂസ് പാണംപറമ്പിലും അസി. സെക്രട്ടറിയായി കോതമംഗലം രൂപതാംഗമായ ഫാ. ജോസഫ് കല്ലറക്കലും നിയമിതരായി.

# നന്ദിയോടെ...


ഫാ. തോമസ് മേൽവെട്ടത്ത്


ഫാ. ജോജി കല്ലിങ്ങൽ


ഫാ. ആന്റണി വടക്കേക്കര

സീറോമലബാർസഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിലെ വിവിധ പദവികളിൽ സ്തുത്യർഹമായ സേവനം നടത്തി, സേവനകാലാവധി പൂർത്തിയാക്കിയതിനെതുടർന്ന് തങ്ങളുടെ മാതൃരൂപതകളിലേക്കു മടങ്ങിപ്പോകുന്ന പ്രിയപ്പെട്ട വൈദികർക്ക് സീറോമലബാർസഭാ കൂരിയയുടെ പ്രാർഥനയും നന്ദിയും. വിശ്വാസപരിശീലന ദൈവവിളി കമ്മീഷൻ സെക്രട്ടറിയായിരുന്നു ഫാ. തോമസ് മേൽവെട്ടത്ത്. എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ, വൈദികർക്കുവേണ്ടിയുള്ള കമ്മീഷൻ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി കമ്മറ്റിയുടെ സെക്രട്ടറി എന്നീ പദവികളായിരുന്നു ഫാ. ജോജി കല്ലിങ്ങൽ വഹിച്ചിരുന്നത്. സഭയുടെ പിആർഒയും മീഡിയകമ്മീഷൻ സെക്രട്ടറിയുമായിരുന്നു ഫാ. ആന്റണി വടക്കേക്കര വി.സി.

# ചിക്കാഗോ രൂപത;
## ദിവ്യകാരുണ്യകോൺഗ്രസ് സമാപിച്ചു



ചിക്കാഗോ സീറോ മലബാർ രൂപതയുടെ ആഭിമുഖ്യത്തിൽ ന്യൂജഴ്സി, സോമർസെറ്റിലുള്ള സെന്റ് തോമസ് സീറോ മലബാർ കത്തോലിക്ക ഫൊറോനാ ദേവാലയത്തിലെ ദിവ്യകാരുണ്യ കോൺഗ്രസ് സമാപിച്ചു. മെയ് 23 മുതൽ 25 വരെയായിരുന്നു ദിവ്യകാരുണ്യകോൺഗ്രസ് നടന്നത്. ചിക്കാഗോ സീറോമലബാർ രൂപതയുടെ സുവർണ ജൂബിലിയുടെ ഭാഗമായിട്ടാണ് ദിവ്യകാരുണ്യകോൺഗ്രസ് നടത്തിയത്. ബിഷപ്പുമാരും വൈദികരും സന്യസ്തരും അൽമായരുമുൾപ്പടെ 1200ത്തിലധികം ആളുകൾ പങ്കെടുത്തു. സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. മാർ റാഫേൽ തട്ടിലിന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

# ബിഷപ് മാർ മാത്യു മാക്കീൽ ധന്യപദവിയിലേക്ക്



വത്തിക്കാൻ സിറ്റി: ദൈവദാസൻ മാർ മാത്യു മാക്കീൽ ധന്യപദവിയിലേക്ക്. മാർ മാക്കീലിന്റെ വീരോചിതപുണ്യങ്ങൾ പരിശുദ്ധ സിംഹാസനം അംഗീകരിച്ചതോടെയാണ് ധന്യപദവിയിലേക്കുയർത്തപ്പെടുന്നത്. ലെയോ പതിനാലാമൻ പാപ്പയുടെ അനുവാദം ലഭിച്ചതിനെതുടർന്ന് മെയ് 22 വ്യാഴാഴ്ച വിശുദ്ധരുടെ നാമകരണനടപടികൾക്കായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി അധ്യക്ഷൻ കർദിനാൾ മർച്ചല്ലോ സെമെറാറോയാണ് ഇതുസംബന്ധിച്ച കല്പന പ്രസിദ്ധീകരിച്ചത്. 1889 മുതൽ കോട്ടയം വികാരിയാത്തിന്റെ വികാരിജനറലും 1896 മുതൽ ചങ്ങനാശ്ശേരിയുടെയും 1911-ൽ ക്നാനായ കത്തോലിക്കർക്കായി സ്ഥാപിക്കപ്പെട്ട കോട്ടയത്തിന്റെയും പ്രഥമ തദ്ദേശീയ അപ്പസ്തോലിക വികാരിയായിരുന്നു ദൈവദാസനായ മാർ മാത്യു മാക്കീൽ. 1851 മാർച്ച് 27-ന് കോട്ടയം മാഞ്ഞൂരിലായിരുന്നു ജനനം. 1914 ജനുവരി 26-ന് കോട്ടയത്തുവച്ചു മരണമടഞ്ഞു. കോട്ടയം, ഇടയ്ക്കാട് സെന്റ് ജോർജ് ഫൊറോനേ ദേവാലയത്തിലാണ് കബറിടം സ്ഥിതി ചെയ്യുന്നത്. കോട്ടയം അതിരൂപതയിലെ വിസിറ്റേഷൻ സന്യാസിനീസമൂഹത്തിന്റെ സ്ഥാപകൻകൂടിയാണ് മാർ മാത്യു മാക്കീൽ.

# ക്രിസ്ത്യാനികൾ ഒറ്റക്കല്ല ഒറ്റക്കെട്ടാണ്: മാർ ജോസഫ് പാംപ്ലാനി




പാലക്കാട്: രണ്ട് ദിവസങ്ങളിലായി പാലക്കാട് നടന്ന കത്തോലിക്കാ കോൺഗ്രസിന്റെ അന്തർദേശീയ സമ്മേളനം ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികൾക്കുള്ള പ്രകടമായ താക്കീത് ആണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത തലശേരി ആർച്ച് ബിഷപ് മാർ ജോസഫ് പാംപ്ലാനി. കേരളത്തിലെ ക്രിസ്ത്യനികൾ ഒറ്റക്കല്ല രാഷ്ട്രീയസാമൂഹ്യ കാർഷിക വിഷയങ്ങളിൽ സമൂഹം ഒറ്റക്കെട്ടാണെന്ന് ആർച്ചുബിഷപ് ഓർമിപ്പിച്ചു. പാലക്കാട് രൂപത ബിഷപ് മാർ. പീറ്റർ കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. വിവേകമുള്ള ജനതയാണ് ക്രിസ്തീയ സമൂഹമെന്നും അവർ ഒരു കാലത്തും ആരുടെയും അടിമയല്ലെന്നും ബിഷപ്പ് വ്യക്തമാക്കി.

ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, ഗ്ലോബൽ സെക്രട്ടറി ഡോ. ജോസുകുട്ടി. ജെ. ഒഴുകയിൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, രൂപത പ്രസിഡന്റ് അഡ്വ. ബോബി ബാസ്റ്റിൻ, രൂപത ഡയറക്ടർ ഫാ. ചെറിയാൻ ആഞ്ഞിലിമൂട്ടിൽ, ഫാ. സജി വട്ടുകത്തിൽ, ട്രീസ ലിസ് സെബാസ്റ്റ്യൻ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അഡ്വ. ബിജു പറയന്നിലം, വി.വി. അഗസ്റ്റിൻ, ഫാ. അരുൺ കലമറ്റത്തിൽ, സണ്ണി മാത്യു നെടുമ്പുറം, ബീന തകരപ്പള്ളിൽ, അഭിലാഷ് പുന്നാംതടത്തിൽ രൂപത ജനറൽ സെക്രട്ടറി ജിജോ അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. അഡ്വ. ടോണി പുഞ്ചക്കുന്നേൽ രാഷ്ട്രീയ പ്രമേയവും, തോമസ് ആന്റണി സാമൂഹ്യനീതി പ്രമേയവും അവതരിപ്പിച്ചു. കേരളത്തിന് പുറമേ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. അടുത്ത അന്തർദേശീയ സമ്മേളനം തലശേരി അതിരൂപതയിൽ നടക്കും.

# സന്യസ്തർ പ്രേഷിതതീക്ഷ്ണതയുള്ളവരാകണം: മാർ സെബാസ്റ്റ്യൻ വടക്കേൽ



കാക്കനാട്: സന്യസ്തർ പ്രേഷിതതീക്ഷ്ണതയാൽ ജ്വലിക്കുന്നവരാകണമെന്ന് സീറോമലബാർസഭയുടെ സമർപ്പിതസമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ വടക്കേൽ. കമ്മീഷന്റെ നേതൃത്വത്തിൽ സഭയുടെ കേന്ദ്ര കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ സന്യാസസമർപ്പണ ജീവിതത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന സീറോമലബാർ സഭയിലെ വിവിധ സന്യാസിനീ സമൂഹാംഗങ്ങളെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏത് സന്യാസിനീ സമൂഹമാണെങ്കിലും അവരുടെ പ്രാർഥനയും ജീവിതസാക്ഷ്യവും സഭയുടെ സുവിശേഷപ്രഘോഷണ ദൗത്യത്തിനു കരുത്തുപകരേണ്ടതാണ്. അദ്ദേഹം പറഞ്ഞു.

മാർ സെബാസ്റ്റ്യൻ വടക്കേൽ വി. കുർബാന അർപ്പിക്കുകയും അനുമോദന യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. വിവിധ സന്യാസിനീ സമൂഹങ്ങളിൽ നിന്നുമായി 150 ഓളം സമർപ്പിതർ പങ്കെടുത്തു. മാർ തോമാ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ സിസ്റ്റർ ഡോ. റോസ്‌ലിൻ മുഖ്യപ്രഭാഷണം നടത്തി. സീറോമലബാർ സഭ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ എം.സി. ബി. എസ്, ഓഫിസ് സെക്രട്ടറി സിസ്റ്റർ ജിഷ ജോബ് എം.എസ്.എം.ഐ. എന്നിവർ പ്രസംഗിച്ചു.

# സീറോമലബാർസഭയിലെ ഏറ്റവും വലിയ മിഷനറിസംഗമത്തിന് പ്രവിത്താനം സാക്ഷിയായി





പ്രവിത്താനം: പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി പ്രവിത്താനം സെന്റ് അഗസ്റ്റ്യൻസ് ഫൊറോന പള്ളിയിൽ മിഷനറി മഹാസംഗമം നടന്നു. സഭയിൽ ഏറ്റവും അധികം മിഷനറിമാരെ സംഭാവന ചെയ്ത രൂപതയാണ് പാലായെന്ന് സംഗമത്തിൽ അധ്യക്ഷതവഹിച്ച സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപതാധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. 39 മെത്രാന്മാരെയും പതിനായിരത്തിലേറെ മിഷനറിമാരെയും സഭക്ക് സംഭാവന ചെയ്തിട്ടുള്ള പാലാ മിഷൻഹോം ആണെന്നും രാക്കുളിയുടെയും സുറിയാനിയുടെയും മൂന്നു നോമ്പിന്റെയും കുറവിലങ്ങാട് മുത്തിയമ്മയുടെയും അൽഫോൻസാമ്മയുടെയും ആത്മീയ അടിത്തറ പാലായ്ക്കുണ്ടെന്നും കേന്ദ്രസഹമന്ത്രിയും പാലാ രൂപതക്കാരനുമായ കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മുഖ്യപ്രഭാഷണവും സീറോമലബാർ സഭ പിആർഒ റവ.ഡോ ടോം ഓലിക്കരോട്ട് ആമുഖപ്രഭാഷണവും നടത്തി.

ബിഷപ്പുമാരായ മാർ തോമസ് മേനാംപറമ്പിൽ, മാർ ജോസഫ് ചരണകുന്നേൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ പീറ്റർ കൊച്ചുപറമ്പിൽ, മാർ ജേക്കബ് അങ്ങാടിയത്ത്, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ കുര്യൻ വലിയകണ്ടത്തിൽ, വിൻസെന്റ് മാർ പൗലോസ്, മാർ ജോർജ് രാജേന്ദ്രൻ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ മാത്യു നെല്ലിക്കുന്നേൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, മന്ത്രി റോഷി അഗസ്റ്റിയൻ, വർഗീസ് ജോർജ് മാളിയേക്കൽ, ജോസ് കെ മാണി എംപി, ഫ്രാൻസിസ് ജോർജ് എംപി, ആന്റോ ആന്റണി എംപി, ഡീൻ കുര്യാക്കോസ് എംപി, മാണി സി കാപ്പൻ എംഎൽഎ എന്നിവർ ആശംസകൾ നേർന്നു. ഫാ. ജോസഫ് ചെരിയമ്പനട്ട്, സിസ്റ്റർ സലോമി മൂക്കൻതോട്ടം എന്നിവർ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു.

മോൺ. ജോസഫ് കണിയോടിക്കൽ സ്വാഗതവും ഫാ. ജോർജ് വേളൂപ്പറമ്പിൽ നന്ദിയും പറഞ്ഞു. നാലായിരത്തോളം പേർ പങ്കെടുത്ത മിഷനറി സംഗമം പാലാ രൂപതയുടെ ചരിത്രം കണ്ട ഏറ്റവും വലിയ പ്രേഷിതകൂട്ടായ്മയായിരുന്നു.

# ഫാ. ഫെബിൻ പുതിയാപറമ്പിലിന് മോൺസിഞ്ഞോർ പദവി



താമരശേരി രൂപതാ വൈദികനും ഇറാനിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ സെക്രട്ടറിയുമായ ഫാ. ഫെബിൻ സെബാസ്റ്റ്യൻ പുതിയാപറമ്പിലിനെ മാർപാപ്പ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തി. താമരശേരി രൂപതയിലെ ആനക്കാംപൊയിൽ പുതിയാപറമ്പിൽ സെബാസ്റ്റ്യൻ-ഡോളി ദമ്പതികളുടെ മകനാണ്. 2001-ൽ താമരശേരി രൂപതാ സെമിനാരിയിൽ ചേർന്നു. 2014-ൽ മാർ റെമൈജിയോസ് ഇഞ്ചനാനിയിൽനിന്ന് പൗരോഹിത്യം സ്വീകരിച്ച ഫാ. ഫെബിൻ പുല്ലൂരാംപാറ, ചേവായൂർ ഇടവകകളിൽ അസി. വികാരിയായും രൂപതാ കോടതിയിൽ ജഡ്ജിയായും മേരിക്കുന്ന് പിഎംഒസിയിൽ അസി. ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. 2016-ൽ വത്തിക്കാന്റെ ഡിപ്ലോമാറ്റിക് സർവീസിലേക്കുള്ള പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെട്ടു. 2018ൽ അക്കാദമി പരിശീലനം പൂർത്തിയാക്കിയതിനുശേഷം ബൊളീവിയ, ഗ്രീസ് എന്നിവിടങ്ങളിലെ അപ്പസ്തോലിക് ന്യൂൺഷ്യേച്ചറിൽ സെക്രട്ടറിയായിരുന്നു.

# ദയാസാഗർ തിരുനാൾ ആചരിച്ചു

സാഗർ: സാഗർ രൂപതയിലെ ഖജൂരിയയിലെ ദയാസാഗറിൽ കരുണയുടെ ഈശോയുടെ തിരുനാൾ ആചരിച്ചു. ഏപ്രിൽ 21ന് ആരംഭിച്ച ദിവ്യകാരുണ്യ നൊവേനയോടെയാണ് തിരുനാൾ ആചരണത്തിനു തുടക്കം കുറിച്ചത്. തിരുനാളിനോട് അനുബന്ധിച്ച് അഖണ്ഡ ബൈബിൾ പാരായണവും ഫാ. രാജു മാത്യു ആന്റ് ടീം നയിച്ച ധ്യാനവും നടന്നു. ബിഷപ് ജെയിംസ് അത്തിക്കളത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ ബിഷപ്പ് എമിറിറ്റസ് ആന്റണി ചിറയത്ത്, വികാരി ജനറൽ ഫാ. തോമസ് ഫിലിപ്പ് എന്നിവർ സഹകാർമ്മികരായിരുന്നു. ഫാ. സിനോജ് തോമസിന്റെ നേതൃത്വത്തിൽ സാഗർ രൂപതയിലെ യുവജനങ്ങൾ ഗാനശുശ്രൂഷ നിർവഹിച്ചു.





# വിളക്കന്നൂരിലെ ദിവ്യകാരുണ്യ അത്ഭുതം: ഔദ്യോഗിക പ്രഖ്യാപനം നടന്നു



തലശേരി: അതിരൂപതയിലെ വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ 2013 നവംബർ 15ന് സംഭവിച്ച ദിവ്യകാരുണ്യ അത്ഭുതം സംബന്ധിച്ചുള്ള ഔദ്യോഗികപ്രഖ്യാപനം 2025 മെയ് 31ന് ഉച്ചകഴിഞ്ഞ് 2.30ന് ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറെല്ലി വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ നടത്തി. വികാരി ഫാ. തോമസ് പതിക്കൽ അർപ്പിച്ച വിശുദ്ധ കുർബാന മധ്യേ തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം തെളിഞ്ഞുവന്ന ഈ അസാധാരണ സംഭവം വത്തിക്കാൻ വിശ്വാസതിരുസംഘം നടത്തിയ വിശദമായ പഠനങ്ങൾക്ക് ശേഷമാണ് അംഗീകരിച്ചിരിക്കുന്നത്.

2018-ൽ കൂടുതൽ പഠനത്തിനായി തിരുവോസ്തി റോമിലേക്ക് കൊണ്ടുപോയി. റോമിൽ നിന്നുള്ള നിർദ്ദേശപ്രകാരം ഇന്ത്യയിൽശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിനായി തിരുവോസ്തി തിരിച്ചെത്തിച്ചു. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. ജ്യോതിസ് ദേവസ്യാ, ഡോ. ജോബി സേവ്യർ, സെന്റ് ജോൺസ് മെഡിക്കൽ കോളേജിലെ ഡോ. പി. ടി വർഗീസ് എന്നിവരടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ സമിതിയും ദൈവശാസ്ത്രജ്ഞന്മാരുടെ സമിതിയും ഈ അത്ഭുതപ്രതിഭാസത്തെക്കുറിച്ച് വിശദമായി പഠിച്ചു. തിരുവോസ്തിയിലെ ഛായാചിത്രം തിരുവോസ്തിയിലെ പദാർത്ഥങ്ങളിൽ നിന്നുതന്നെയാണ് രൂപപ്പെട്ടതെന്നും പുറമെ നിന്നുള്ള യാതൊരു പദാർത്ഥത്തിന്റെയും സ്വാധീനം ഇല്ലെന്നും പഠനങ്ങൾ കണ്ടെത്തി.

ഈ പഠനറിപ്പോർട്ടുകൾ വിലയിരുത്തിയ വിശ്വാസതിരുസംഘം 2025 മാർച്ച് 19ന് വിളക്കന്നൂരിലെ ദിവ്യകാരുണ്യ പ്രതിഭാസം ഒരു അസാധാരണ സംഭവമായി പ്രഖ്യാപിക്കുന്നതിൽ തടസമില്ലെന്ന് അറിയിക്കുകയായിരുന്നു.

# വിൻസെൻഷ്യൻ സന്യാസസമൂഹത്തിന് പുതിയ നേതൃത്വം



**ഫാ. പോൾ പുതുവ**
സുപ്പീരിയർ ജനറൽ



**ഫാ. അലക്സ് ചാലങ്ങാടി**
അങ്കമാലി മേരിമാതാ
പ്രൊവിൻഷ്യൽ സുപ്പീരിയർ



**ഫാ. ബോബി എമ്പ്രയിൽ**
കോട്ടയം സെന്റ് ജോസഫ്
പ്രൊവിൻഷ്യൽ സുപ്പീരിയർ



**ഫാ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ**
ഡൽഹി സെന്റ് തോമസ്
പ്രൊവിൻഷ്യൽ സുപ്പീരിയർ

ദൈവകരുണയിൽ ആശ്രയിച്ച് സ്വർഗരാജ്യം ലക്ഷ്യമാക്കി

# കോതമംഗലം രൂപത

എന്റെ രൂപത എന്റെ അഭിമാനം! എന്റെ സഭ എന്റെ മാതാവ്!

പരിശുദ്ധ പന്ത്രണ്ടാം പിയൂസ് മാർപാപ്പ 1956 ൽ കോതമംഗലം രൂപത സ്ഥാപിച്ചുകൊണ്ട് ഉത്തരവായി. ഇടുക്കി എറണാകുളം ജില്ലകളിലായാണ് കോതമംഗലം രൂപത വ്യാപിച്ചിരിക്കുന്നത്. കോതമംഗലം മൂവാറ്റുപുഴ തൊടുപുഴ എന്നിവയാണ് രൂപതാതിർത്തിക്കുള്ളിലുള്ള പ്രധാന പട്ടണങ്ങൾ. ഹൈറേഞ്ച് കുടിയേറ്റത്തിന്റെ ആദ്യനാളുകൾ മുതൽ മലയോര ജനതയുടെയും കർഷകരുടെയും ആത്മീയ ധാർമികസ്വരമായി കോതമംഗലം രൂപത നിലകൊള്ളുന്നു.

## കോതമംഗലം രൂപത പ്രാഥമികവിവരങ്ങൾ

രൂപതയുടെ മധ്യസ്ഥ:
മാതാവിന്റെ വിമലഹൃദയം
ഇടവകകൾ 120
വൈദികർ 256
കുടുംബങ്ങൾ 49990
ഫോറോനകൾ 14

## അഭിവന്ദ്യ പിതാക്കന്മാർ



മാർ മാത്യു പോത്തനാമുഴി
പ്രഥമ മെത്രാൻ
1956 - 1977



മാർ ജോർജ് പുന്നക്കോട്ടിൽ
ദ്വിതീയ മെത്രാൻ
1977 - 2013



മാർ ജോർജ് മഠത്തിക്കണ്ടത്തിൽ
രൂപതാധ്യക്ഷൻ

**വിശ്വാസതീക്ഷ്ണതയുള്ള കുടുംബങ്ങളും സഭയെ സ്നേഹിക്കുന്ന ദൈവജനവും കോതമംഗലം രൂപതയുടെ ആത്മീയ സമ്പത്താണ്. 1956 മുതൽ മിഷൻ തീക്ഷ്ണതയാൽ പ്രചോദിതയാണ് കോതമംഗലം രൂപത. രൂപതാംഗങ്ങളായ 9 മെത്രാന്മാരും 965 വൈദികരും 2700 ലധികം സന്യസ്തരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈശോയുടെ സുവിശേഷത്തിനു സാക്ഷ്യമേകുന്നു.**



**മോൺ. പയസ് മലേക്കണ്ടത്തിൽ**
പ്രോട്ടോസിഞ്ചല്ലൂസ്



**മോൺ. വിൻസെന്റ് നെടുങ്ങാട്ട്**
സിഞ്ചല്ലൂസ്



**റവ. ഫാ. ജോസ് പുൽപ്പറമ്പിൽ**
പ്രോക്യുറേറ്റർ



**റവ. ഫാ. ജോസ് കുളത്തൂർ**
ചാൻസലർ

## രൂപതയിൽനിന്നുള്ള മെത്രാന്മാർ

- **മാർ തോമസ് തിരുതാളിൽ** ബിഷപ്പ് എമിരിറ്റസ്, ബാലസോർ
- **മാർ ജോൺ കാട്രുകുടിയിൽ** ബിഷപ്പ് എമിരിറ്റസ്, ഇറ്റാനഗർ
- **മാർ മാത്യു വാണിയക്കിഴക്കേൽ** ബിഷപ്പ് എമിരിറ്റസ്,സത്ന
- **മാർ തോമസ് പുല്ലോപ്പിള്ളിൽ** ബോംഗൈഗൗൺ
- **മാർ ചാക്കോ തോട്ടുമാരിക്കൽ** ബിഷപ്പ് എമിരിറ്റസ്, ഇൻഡോർ
- **മാർ ജോൺ വടക്കേൽ** ബിഷപ്പ് എമിരിറ്റസ്, ബിജ്നോർ
- **മാർ ജോസഫ് കൊടകല്ലിൽ** ബിഷപ്പ് സത്ന
- **മാർ ബെന്നി ഇടത്തട്ടേൽ** ബിഷപ്പ് ഇറ്റാനഗർ
- **മാർ തോമസ് മാത്യു കുറ്റിമാക്കൽ** ബിഷപ്പ് ഇൻഡോർ



സെന്റ് ജോർജ് കത്തീഡ്രൽ
കോതമംഗലം

# കോതമംഗലം രൂപതയുടെ പ്രേഷിതമേഖലകൾ



### ജീവകാരുണ്യ പ്രവർത്തനങ്ങൾ

- ഭവനരഹിതർക്കായുള്ള മാർ മാത്യു പോത്തനാമുഴി ഹൗസിംഗ് പ്രോജക്ട്,കൂടുതൽ അംഗങ്ങളുള്ള കുടുംബങ്ങളെ എല്ലാ മാസവും സഹായിക്കുന്ന പദ്ധതി, സാമ്പത്തികമായി പിന്നോക്കംനില്ക്കുന്ന കുടുംബങ്ങളെ മാസംതോറും സഹായിക്കുന്ന'Care a Family', ഇടവകകളുടെയും സന്യാസഭവനങ്ങളുടെയും നേതൃത്വത്തിൽ ആശുപത്രികളും കാരുണ്യഭവനങ്ങളും സജീവമായി മുന്നോട്ടുനീങ്ങുന്നു.



### 'ജീവ' സംരംഭങ്ങൾ

- ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രതിദിനം 75,000ത്തിൽ പരം ലിറ്റർ പാൽ ശേഖരിച്ച് സംസ്കരിച്ച് വിതരണം ചെയ്യുന്ന ജീവാ മിൽക്ക്, ഗുണനിലവാരമുള്ള പാക്കേജ് ഡ്രിങ്കിങ് വാട്ടർ വിപണനം നടത്തുന്ന ജീവ വാട്ടർ, കോതമംഗലം മൂവാറ്റുപുഴ വാഴക്കുളം തൊടുപുഴ വണ്ണപ്പുറം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവ മെഡിക്കൽസ്, ജീവ മെഡിക്കൽ ലാബ്, ജീവ ബുക്സ്, ജീവ നഴ്സറി എന്നിവ കോതമംഗലം രൂപതയുടെ സജീവ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ



### ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും സ്കൂളുകളും

- ന്യൂമാൻ കോളേജ് തൊടുപുഴ മൂവാറ്റുപുഴയിൽ സ്ഥിതിചെയ്യുന്ന നിർമ്മല കോളേജ്, നിർമ്മല ബി. ഫാം കോളേജ്, നിർമ്മല കമ്പ്യൂട്ടർ അക്കാഡമി, നിർമ്മല പബ്ലിക് സ്കൂൾ, നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ, വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജ്, സെന്റ്. തോമസ് ടീച്ചർ ട്രെയിനിങ് കോളേജ് മൈലക്കൊമ്പ്, ക്രിസ്തുജ്യോതി ഇന്റർനാഷണൽ ഐ.സി.എസ്.ഇ സ്കൂൾ കോതമംഗലം, സെന്റ്.സേവ്യേഴ്സ് പബ്ലിക് സ്കൂൾ പോത്താനിക്കാട് എന്നിവ രൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ ഇടവകകളോട് ചേർന്ന് നൂറിലധികം സ്കൂളുകളും പ്രവർത്തിക്കുന്നു. മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇടവകകളുടെയും സന്യാസഭവനങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു.



### നെസ്റ്റ് പാസ്റ്ററൽ സെന്റർ

- രൂപതയുടെ അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ദൈവശാസ്ത്രകോഴ്സുകൾ ബൈബിൾ ക്ലാസുകൾ, പ്രീ മാര്യേജ് കോഴ്സ്, ധ്യാനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ പാസ്റ്ററൽ സെന്റർ



### Divine Mercy Shrine of Holy Mary

- തൊടുപുഴയിലുള്ള ദൈവ കരുണയുടെ മാതാവിന്റെ തീർത്ഥാടനകേന്ദ്രം ആയിരക്കണക്കിന് തീർത്ഥാടകർ അനുദിനം എത്തുന്ന ദൈവകരുണയുടെ വിശുദ്ധാലയമാണ്.



### ജീവജ്യോതി മിഷൻ, ഉത്കല, ഒഡിഷ

- മിഷൻചൈതന്യത്തോടെ കോതമംഗലം രൂപത ഒഡിഷയിൽ ആരംഭിച്ച ജീവജ്യോതി മിഷനിൽ 3 വൈദികരും ബ്രദേഴ്സും സേവനം ചെയ്തുവരുന്നു. വൈദികവിദ്യാർഥികൾ റീജൻസിക്കും വൈദികവസ്ത്ര സ്വീകരണത്തിനും ശേഷം ഒരു വർഷം ജീവജ്യോതി മിഷനിൽ ശുശ്രൂഷചെയ്യുന്നു.

## പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ



മൈലക്കൊമ്പ്



മുതലക്കോടം



ആരക്കുഴ



നാകപ്പുഴ



നെടിയശാല

# മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പൗരസ്ത്യസഭാകാര്യാലയവുമായി കൂടിക്കാഴ്ച നടത്തി

റോം: ലെയോ പതിനാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണത്തിൽ പങ്കെടുക്കുന്നതിന് റോമിൽ എത്തിയ സീറോമലബാർ സഭാതലവൻ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ തിരുസംഘത്തിന്റെ അധ്യക്ഷൻ ക്ലൗദിയോ കാർഡിനൽ ഗുജ്റോത്തിയുമായും പൗരസ്ത്യ തിരുസംഘത്തിന്റെ അണ്ടർ സെക്രട്ടറി ബിഷപ് ഫിലിപോ ചെമ്പനെല്ലി, ഫാ. കിം ഡിസൂസ എന്നിവരുമായും കൂടിക്കാഴ്ചകൾ നടത്തി. സീറോമലബാർ സഭയുടെ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റർ മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും മേജർആർച്ചുബിഷപ്പിനൊപ്പം ഉണ്ടായിരുന്നു.



# പൗരസ്ത്യസഭകളുടെ ജൂബിലി ആഘോഷിച്ചു

വത്തിക്കാൻ സിറ്റി: റോമിൽ നടന്നുവരുന്ന ജൂബിലിആഘോഷങ്ങളുടെ ഭാഗമായി പൗരസ്ത്യസഭകൾക്കായി സംഘടിപ്പിച്ച ആഘോഷത്തിൽ കാൽദിയൻ പാരമ്പര്യത്തിൽപെട്ട സഭകൾ ഒരുമിച്ചു സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. പൗരസ്ത്യതിരുസംഘത്തിന്റെ തലവൻ കർദിനാൾ ക്ലൗഡിയോ ഗുജ്റോത്തിയുടെ സാന്നിധ്യത്തിൽ നടന്ന വി. കുർബാനയിൽ കാൽദിയൻ പാത്രിയർക്കീസ് ലൂയിസ് റാഫേൽ സാക്കോ മുഖ്യകാർമ്മികനായിരുന്നു.

സീറോമലബാർസഭയുടെ തലവനും പിതാവുമായ മാർ റാഫേൽ തട്ടിൽ കുർബാനമധ്യേ വചനസന്ദേശം നൽകി. പൗരസ്ത്യ പരമ്പര്യങ്ങളുടെ പ്രത്യേകിച്ച് പൗരസ്ത്യ ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം എന്നിവയുടെ കൈമാറ്റത്തിലും സംരക്ഷണത്തിലും പൗരസ്ത്യസഭകൾ പരസ്പരം സഹകരിക്കണമെന്നു മേജർ ആർച്ചുബിഷപ് പറഞ്ഞു.

മതാന്തരസംഭാഷണങ്ങൾക്കായുള്ള തിരുസംഘത്തിന്റെ അധ്യക്ഷൻ കർദിനാൾ മാർ ജോർജ് കൂവക്കാട്, സിബിസിഐ പ്രസിഡന്റ് ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ചിക്കാഗോ ബിഷപ് മാർ ജോയി ആലപ്പാട്ട്, കല്യാൺ രൂപത ബിഷപ് മാർ തോമസ് ഇലവനാൽ കൽദായ സഭയിലെ ഏതാനും മെത്രാന്മാർ എന്നിവർ സഹകാർമികരായിരുന്നു.





# മരിയ മജോരെ ബസിലിക്കയിൽ മേജർ ആർച്ചുബിഷപ്പ് അനുസ്മരണ കുർബാന അർപ്പിച്ചു



വത്തിക്കാൻസിറ്റി: ഫ്രാൻസിസ് മാർപാപ്പയ്ക്കുവേണ്ടി സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ റോമിലെ മരിയ മജോരെ ബസിലിക്കയിൽ വി. കുർബാന അർപ്പിച്ചു. യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൺ ചിറപ്പണത്ത്, കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, ചിക്കാഗോ ബിഷപ് മാർ ജോയി ആലപ്പാട്ട്, ചിക്കാഗോ രൂപതയിലെ ഫാ. ജോണിക്കുട്ടി പുലിശ്ശേരി, മേജർ ആർച്ചുബിഷപ്പിന്റെ സെക്രട്ടറി ഫാ. മാത്യു തുരുത്തിപ്പള്ളി എന്നിവർ സഹകാർമ്മികരായിരുന്നു. റോമിലുള്ള മലയാളികളായ വിശ്വാസിസമൂഹവും വൈദികരും പങ്കെടുത്തു. ഫ്രാൻസിസ് മാർപാപ്പയുടെകാലത്ത് സീറോമലബാർസഭയ്ക്ക് ലഭിച്ച എല്ലാ നന്മകൾക്കും നന്ദിപറഞ്ഞും പാപ്പയുടെ ആത്മശാന്തിക്കും വേണ്ടിയുള്ള വിശുദ്ധ കുർബാനയ്ക്കു ശേഷം മരിയ മജോരെ ബസിലിക്കയിൽ സ്ഥിതി ചെയ്യുന്ന ഫ്രാൻസിസ് മാർപാപ്പയുടെ കബറിടത്തിലെത്തി മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രാർഥിച്ചു.



Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam